സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

2024 മെയ് 07 ചൊവ്വ

ptnizar@rediffmail.com 9037319971

www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ | പുസ്തകം 17 ലക്കം 144

പ്രവാസത്തിനു പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ** മാഗസിൻ

## കോഴിക്കോട് നാലുപേർക്ക് വെസ്റ്റ്നൈൽ ഫീവർ സ്ഥിരീകരിച്ചു, നിസ്സാരമാക്കരുത് ഈ കൊതുകുജന്യരോഗം

കോഴിക്കോട് ജില്ലയിൽ നാലുപേർക്ക് വെസ്റ്റ്നൈൽ ഫീവർ സ്ഥിരീകരിച്ചു. തിങ്കളാഴ്ചയാണ് ഇതുസംബന്ധിച്ച് പൂണെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള ഫലം വന്നത്. രോ?ഗം സ്ഥിരീകരിച്ച നാലു പേരും രോ?ഗമുക്തി നേടി. വെസ്റ്റ്നൈൽ സംശയിക്കുന്ന വേങ്ങേരി സ്വദേശി സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. അതിനിടെ രണ്ടുപേരുടെ മരണം വെസ്റ്റ്നൈൽ ബാധിച്ചാണോ എന്ന സംശയവുമുണ്ട്.

**എന്താണ് വെസ്റ്റ് നൈൽ?**

ക്യൂലക്സ് കൊതുക് പരത്തുന്ന ഒരു പകർച്ചവ്യാധിയാണ് വെസ്റ്റ് നൈൽ. പക്ഷികളിലും രോഗബാധയുണ്ടാകാറുണ്ട്. 1937-ൽ യുഗാൺഡയിലാണ് ഈ വൈറസിനെ ആദ്യമായി കണ്ടെത്തിയത്. സംസ്ഥാനത്താദ്യമായി 2011-ൽ ആലപ്പുഴയിൽ റിപ്പോർട്ട് ചെയ്തു.

**രോഗലക്ഷണങ്ങൾ**

തലവേദന, പനി, പേശിവേദന, തലചുറ്റൽ, ഓർമനഷ്ടപ്പെടൽ എന്നിവയാണ് പ്രധാന രോഗലക്ഷണങ്ങൾ. പലപ്പോഴും രോഗലക്ഷണങ്ങൾ പ്രകടമാകാറില്ല. ചിലർക്ക് പനി, തലവേദന, ഛർദി, ചൊറിച്ചിൽ തുടങ്ങിയവ കാണാം.

ഒരു ശതമാനം ആളുകളിൽ തലച്ചോറിനെ ബാധിക്കുന്നതു കാരണം ബോധക്ഷയവും മരണംവരെയും സംഭവിക്കാം.

**രോഗപ്രതിരോധവും ചികിത്സയും**

ശരിയായ ചികിത്സയോ വാക്സിനോ ലഭ്യമല്ല. കൊതുകുകടി ഏൽക്കാതിരിക്കുകയാണ് ഏറ്റവുംനല്ല പ്രതിരോധമാർഗം. സ്വയംചികിത്സ രോഗത്തെ സങ്കീർണമാക്കും.

**മുൻകരുതലുകൾ**

വീട്ടിലും പരിസരങ്ങളിലും ചെളിവെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കുക

ജലക്ഷാമമുള്ള ഇടങ്ങളിൽ വെള്ളം ശേഖരിച്ചുവെക്കുന്ന വലിയ പാത്രങ്ങളുടെ മുകൾഭാഗം കോട്ടൺ തുണികൊണ്ട് മൂടുക

കൊതുകുകടി ഏൽക്കുന്ന സാഹചര്യം പരമാവധി ഒഴിവാക്കുക

സ്വയംചികിത്സ ഒഴിവാക്കുക

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

ചെളിവെള്ളത്തിലാണ് വെസ്റ്റ്നൈൽ രോഗം പരത്തുന്ന കൊതുകുകൾ പെറ്റുപെരുകുന്നത്. രാത്രികാലത്താണ് ഇവ കടിക്കുക. മനുഷ്യരെയും മൃഗങ്ങളെയും പക്ഷികളെയും ഒരുപോലെ കടിക്കുന്നതുകൊണ്ട് രോ?ഗബാധ ഉണ്ടാകും. എന്നാൽ ഒരു വ്യക്തിയിൽ നിന്ന് മറ്റൊരു വ്യക്തിയിലേക്ക് രോഗം പകരില്ല.

## ബി.ജെ.പി സംസ്ഥാന നേതൃയോഗത്തിൽ ചേരിപ്പോര്

തിരുവനന്തപുരം: ബി.ജെ.പി സംസ്ഥാന നേതൃത്വത്തിൽ ഭിന്നത. തെരഞ്ഞെടുപ്പ് അവലോകന യോഗത്തിൽ നേതാക്കൾ ചേരിതിരിഞ്ഞു വാക്പോര് നടത്തി. ആലപ്പുഴയിൽ വി. മുരളീധരൻ പക്ഷം തോൽപിക്കാൻ ശ്രമിച്ചെന്ന് ശോഭ സുരേന്ദ്രൻ പറഞ്ഞു. കോർ കമ്മിറ്റി ചേരാതെ നേതൃയോഗം ചേരുന്നതിൽ അതൃപ്തിയറിയിച്ച് കൃഷ്ണദാസ് പക്ഷം യോഗം ബഹിഷ്കരിച്ചു. ഇ.പി ജയരാജനുമായുള്ള കൂടിക്കാഴ്ചയുമായി ബന്ധപ്പെട്ട് കെ. സുരേന്ദ്രന്റെയും ശോഭ സുരേന്ദ്രന്റെയും പരസ്യപ്രസ്താവനയിൽ പ്രകാശ് ജാവഡേക്കർ അതൃപ്തി അറിയിക്കുകയും ചെയ്തു.

വി. മുരളീധരനെതിരെ കടുത്ത ആരോപണമാണ് ശോഭ യോഗത്തിൽ ഉന്നയിച്ചത്. ആലപ്പുഴയിൽ തന്നെ തോൽപ്പിക്കാൻ മുരളീധരപക്ഷം ശ്രമിച്ചെന്ന് അവർ ആരോപിച്ചു. അതേസമയം, അതൃപ്തിയുമായി കൃഷ്ണദാസ് പക്ഷം നേതാക്കൾ സംസ്ഥാന നേതൃയോഗത്തിൽനിന്ന് വിട്ടുനിന്നു. പി.കെ കൃഷ്ണദാസ്, എം.ടി രമേശ്, എ.എൻ രാധാകൃഷ്ണൻ എന്നിവരാണു യോഗം ബഹിഷ്ക്കരിച്ചത്. കോർ കമ്മിറ്റി ചേരാതെ നേതൃയോഗം ചേരുന്നതിലാണ് അതൃപ്തി.

കോർ കമ്മിറ്റിക്കുശേഷം നേതൃയോഗമെന്നതാണ് പതിവ്. തെരഞ്ഞെടുപ്പ് വീഴ്ചകൾ ചൂണ്ടിക്കാണിക്കാൻ ആദ്യം കോർ കമ്മിറ്റി ചേരണം. എന്നാൽ, ഇതിനു വിരുദ്ധമായാണ് ഇത്തവണ ആദ്യം നേതൃയോഗം ചേർന്നത്. നേതൃയോഗത്തിനുശേഷം ഇന്നുതന്നെ കോർ കമ്മിറ്റി ചേരാനും ആലോചനയുണ്ട്.

അതേസമയം, സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രനെയും ശോഭ സുരേന്ദ്രനെയും ജാവഡേക്കർ വിമർശിച്ചതും ശ്രദ്ധേയമായി. ശോഭയുടെ തുറന്നുപറച്ചിലിൽ ജാവഡേക്കർ അതൃപ്തി പരസ്യമാക്കി. പാർട്ടിയുടെ വിശ്വാസ്യത തകർത്തുവെന്നായിരുന്നു വിമർശനം. നേതാക്കൾ പലരുമായും ചർച്ച നടത്തും. അത് തുറന്നുപറയുന്നത് കേരളത്തിൽ മാത്രമാണ്. കൂടിക്കാഴ്ച ശോഭ എങ്ങനെ അറിഞ്ഞുവെന്നും ജാവഡേക്കർ ചോദിച്ചു.

മറ്റ് പാർട്ടിയിലുള്ളവർ ഇനി ചർച്ചയ്ക്ക് തയാറാകുമോയെന്നും ജാവഡേക്കർ തുടർന്നു. കൂടിക്കാഴ്ച നടന്നെന്ന് സമ്മതിച്ച കെ. സുരേന്ദ്രന്റെ നടപടിയും ശരിയല്ല. ദേശീയ നേതാക്കൾ നടത്തുന്ന ഇടപെടലുകൾ സ്വന്തം പബ്ലിസിറ്റിക്കായി സംസ്ഥാന നേതാക്കൾ ഉപയോഗിക്കുന്നത് ശരിയല്ലെന്നും പ്രകാശ് ജാവഡേക്കർ വിമർശിച്ചു.

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് തടയാൻ ആൻറി റാഗിംഗ് സെല്ലുകളുമായി സർക്കാർ

തിരുവനന്തപുരം: ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് തടയാൻ ആൻറി റാഗിംഗ് സെല്ലുകൾ തുടങ്ങാൻ സംസ്ഥാന സർക്കാർ. യുജിസിയുടെ നിർദ്ദേശപ്രകാരമാണ് ജില്ലാതലത്തിൽ സെല്ലുകൾ ആരംഭിക്കുന്നത്. ഈ മാസം പകുതിയോടെ നടപടിക്രമങ്ങൾ ആരംഭിക്കാനാണ് ആലോചിക്കുന്നത്.

രാജ്യത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് രൂക്ഷമായതോടെയാണ് ആന്റി റാഗിംഗ് സെല്ലുകളുടെ പ്രവർത്തനം ഊർജിതമാക്കാനുള്ള തീരുമാനം യുജിസി എടുത്തത്. ഇതിൻറെ ഭാഗമായി ജില്ലാതലത്തിൽ ആന്റി റാഗിംഗ് സെല്ലുകൾ തുടങ്ങണമെന്ന നിർദ്ദേശം കർശനമായി മുന്നോട്ടുവച്ചു.

സംസ്ഥാന ചീഫ് സെക്രട്ടറിമാർക്കും ജില്ലാ കലക്ടർമാർക്കും ഇക്കാര്യങ്ങൾ വിശദമാക്കി യുജിസി നേരത്തെ കത്ത് അയച്ചിരുന്നു. വെറ്ററിനറി സർവകലാശാലയിലെ സിദ്ധാർഥൻറെ മരണവുമായി ബന്ധപ്പെട്ട വിവാദങ്ങൾ ഉണ്ടായ പശ്ചാത്തലത്തിൽ വേഗത്തിൽ സെൽ രൂപീകരണവുമായി മുന്നോട്ട് പോകാനാണ് സർക്കാരിൻറെ നീക്കം. ജില്ലാ കലക്ടറോ സമാന പദവിയിലുള്ള ഉദ്യോഗസ്ഥനോ ആയിരിക്കും ഏഴംഗങ്ങൾ ഉൾപ്പെട്ട സെല്ലിൻറെ ചുമതലക്കാരൻ.

സർവകലാശാല വൈസ് ചാൻസലർ, ജില്ലാ പൊലീസ് മേധാവി, മാധ്യമപ്രതിനിധി, സന്നദ്ധ സംഘടനയിൽ നിന്നുള്ള നോമിനി, വിദ്യാർഥി പ്രതിനിധികൾ എന്നിവർ മറ്റ് അംഗങ്ങൾ. ഉന്നതവിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ ജില്ലാ കലക്ടർമാരെ പങ്കെടുപ്പിച്ച് ഈ മാസം പകുതിയോടെ ആദ്യ യോഗം ചേരും. റാഗിംഗ് നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കാനുള്ള ചർച്ചകൾ യോഗത്തിൽ ഉണ്ടാകും.

രണ്ടാംഘട്ടത്തിലാകും മറ്റ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച തീരുമാനമുണ്ടാകുക. അടുത്ത അക്കാദമിക വർഷത്തിൽ തന്നെ സെല്ലുകൾ പ്രവർത്തനസജ്ജമാകുന്ന തരത്തിലാണ് നടപടികൾ മുന്നോട്ടുപോകുന്നത്.

## കുടുംബപ്രശ്നങ്ങൾ പരിഹരിക്കാൻ മന്ത്രവാദം; തട്ടിപ്പ് സംഘം പിടിയിൽ

ഇടുക്കി: കുടുംബപ്രശ്നങ്ങൾ മന്ത്രവാദത്തിലൂടെ പരിഹരിക്കാമെന്ന് വിശ്വസിപ്പിച്ച് പണംതട്ടിയ തമിഴ്നാട് സ്വദേശികൾ പിടിയിൽ. തിരുവള്ളൂർ സ്വദേശി വാസുദേവൻ (28), തിരുച്ചിറപ്പള്ളി സ്വദേശി ദീനു (27), തഞ്ചാവൂർ സ്വദേശികളായ ഗോപി (24), വിജയ് (23) എന്നിവരാണ് മൂന്നാർ പൊലീസിന്റെ പിടിയിലായത്.

ചെണ്ടുവരെ എസ്റ്റേറ്റിൽ തൊഴിലാളി ലയങ്ങളിലെത്തിയ സംഘം കുടുംബപ്രശ്നങ്ങളുണ്ടാകാനും കുടുംബാംഗങ്ങളുടെ മരണം സംഭവിക്കാനും സാധ്യതയുണ്ടെന്നും പറഞ്ഞു വിശ്വസിപ്പിച്ച് പണം തട്ടിയെടുക്കുകയായിരുന്നു. മൂന്ന് കുടുംബങ്ങളിൽനിന്നായി 25,000 രൂപയാണ് ഇവർ തട്ടിയെടുത്തത്. പ്രശ്നപരിഹാരത്തിനായി ഏലസും തകിടും വീട്ടുകാർക്ക് നൽകി. സംശയം തോന്നിയ നാട്ടുകാർ ചോദ്യം ചെയ്തപ്പോഴാണ് തട്ടിപ്പ് പുറത്തായത്. തുടർന്ന് സംഭവം പൊലീസിനെ വിവരമറിയിച്ചു. പൊലീസെത്തി പണം പിടിച്ചെടുത്ത് തിരികെ നൽകി.

ഒരുദിവസത്തെ തടങ്കലിനു ശേഷം പ്രതികളെ ജാമ്യത്തിൽ വിട്ടു. വട്ടവട മേഖലയിലും ഇത്തരത്തിലുള്ള സംഘങ്ങൾ പ്രവർത്തിക്കുന്നതായി പൊലീസ് അറിയിച്ചു.

## താനൂർ ബോട്ടപകടം; ചികിത്സയിൽ കഴിയുന്ന കുട്ടികൾക്ക് സർക്കാർ ധനസഹായം ലഭിച്ചില്ലെന്ന് പരാതി

മലപ്പുറം: താനൂർ ബോട്ട് അപകടത്തിൽ രക്ഷപ്പെട്ട് ചികിത്സയിൽ കഴിയുന്ന കുട്ടികൾക്ക് സർക്കാർ ചികിത്സാ ധനസഹായം ലഭിച്ചില്ലെന്ന് പരാതി.അപകടം സംഭവിച്ച സമയത്ത് സർക്കാർ ചികിത്സ ധനസഹായം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു . എന്നാൽ ചികിത്സാധന സഹായമായി ഒരു രൂപ പോലും ലഭിച്ചില്ലെന്നും പണം നൽകാൻ കഴിയില്ലെങ്കിൽ സർക്കാർ പ്രഖ്യാപനം തിരുത്തണമെന്നും കുടുംബം ആവശ്യപ്പെട്ടു.

താനൂർ ബോട്ട് അപകടം നടന്ന ഒരു വർഷം പിന്നിടുമ്പോഴും. പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം ലഭിച്ചില്ലെന്നാണ് പരാതി. ഇതിനോടൊപ്പം തന്നെ ചികിത്സയ്ക്കായി ഭലക്ഷക്കണക്കിന് തുകയാണ് ചെലവായത്. സർക്കാരിൽ നിന്നും ഇതുവരെ ഒരു രൂപ പോലും ചികിത്സാധന സഹായമായി ലഭിച്ചില്ലെന്നും. പണം നൽകാൻ കഴിയില്ലെങ്കിൽ പ്രഖ്യാപനം പിൻവലിക്കണം എന്നും കുടുംബം ആവശ്യപ്പെട്ടു.ഒരു രൂപ പോലും സർക്കാരിൻറെ ഭാഗത്തു നിന്നും ഇതുവരെ ലഭിച്ചിട്ടില്ലെന്ന് പരിക്കേറ്റ കുട്ടിയുടെ പിതാവ് മുഹമ്മദ് ജാബിർ പറഞ്ഞു. അപകടത്തിൽ ജാബിറിൻറെ ഭാര്യയും മകനും മരിച്ചിരുന്നു. കൂടെ ഉണ്ടായിരുന്ന 10 ഉം 8



ഉം വയസുള്ള രണ്ട് പെണ്മക്കളാണ് രക്ഷപെട്ടത്.ഇവരുടെ ചികിത്സക്കായി ലക്ഷങ്ങളാണ് ചെലവായത്. അപകടത്തിൽ രക്ഷപ്പെട്ടവരിൽ ജാബിറിൻറെ സഹോദരിയും മകളും ഉൾപ്പെടും. ഈ കുടുംബത്തിനും ധനസാഹയം ലഭിച്ചിട്ടില്ല. ഈ രണ്ടു വയസുക്കാരി അമൃത ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞപ്പോൾ 16000 രൂപ മാത്രമാണ് ലഭിച്ചത്. അതിനുശേഷം ലക്ഷക്കണക്കിന് രൂപയാണ് ചികിത്സയ്ക്കായി ചെലവായത്. സഹായം ആവശ്യപ്പെട്ട് എം.എൽ.എ മുഖേനെ മുഖ്യമന്ത്രിക്ക് നേരിട്ട് നിവേദനം നൽകിയിട്ടും നടപടിയായില്ലെന്നാണ് ആക്ഷേപം.അപകടം സംഭവിച്ച സമയത്ത് ഗുരുതരാവസ്ഥയിലായിരുന്ന കുട്ടികൾക്ക് തെറാപ്പികൾ ഉൾപ്പെടെയുള്ള തുടർ ചികിത്സ നൽകിയതിനെ തുടർന്നാണ് മാറ്റങ്ങൾ കണ്ടു തുടങ്ങിയത്. എന്നാൽ തുടർചികിത്സക്ക് പണം ഇല്ലാതായതോടെ തെറാപ്പികൾ അടക്കം മുടങ്ങുന്ന സാഹചര്യമാണെന്നും കുടുംബങ്ങൾ പറയുന്നു.

## കെ. സുധാകരൻ കെ.പി.സി.സി അധ്യക്ഷ സ്ഥാനത്തേക്ക് തിരിച്ചെത്തുന്നു

തിരുവനന്തപുരം: കെ. സുധാകരൻ കെ.പി.സി.സി അധ്യക്ഷസ്ഥാനത്തേക്കു മടങ്ങിയെത്തും. നാളെ ഔദ്യോഗികമായി ചുമതല ഏറ്റെടുക്കും. ചുമതലയേൽക്കാൻ എ.ഐ.സി.സി അനുമതി നൽകി. നേരത്തെ മടങ്ങിവരവ് നീളുമെന്ന് റിപ്പോർട്ടുണ്ടായിരുന്നു.കെ.പി.സി സി അധ്യക്ഷസ്ഥാനം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഒരു തർക്കവുമില്ലെന്ന് സുധാകരൻ മാധ്യമങ്ങളോട് വ്യക്തമാക്കി. ഇക്കാര്യത്തിൽ അനിശ്ചിതത്വം നിലനിൽക്കുന്നില്ല. ഉടൻ സ്ഥാനം ഏറ്റെടുക്കും. ഹൈക്കമാൻഡുമായി ആലോചിച്ചായിരിക്കും സ്ഥാനം ഏറ്റെടുക്കുന്നതെന്നും അദ്ദേഹം അറിയിച്ചു. മുഖ്യമന്ത്രി പിണറായി വിജയന്റെ വിദേശയാത്രയെ അദ്ദേഹം വിമർശിച്ചു. പിണറായി വിജയന് തലയ്ക്ക് വെളിവില്ലേ? ആലയിൽനിന്ന് പശു ഇറങ്ങിപ്പോയ പോലെയാണ് വിദേശത്ത് പോയത്. ആർക്കും ചുമതല കൊടുത്തിട്ടില്ല. മുഖ്യമന്ത്രി ഒളിച്ചോടുകയാണ്. സ്പോൺസർഷിപ്പ് ആണെങ്കിൽ അത് പറയണമെന്നും രാഷ്ട്രീയ ഉത്തരവാദിത്തമുണ്ടെന്നും സുധാകരൻ പറഞ്ഞു.കെ.പി.സി.സി പ്രസിഡന്റ് സ്ഥാനത്തേക്ക് കെ. സുധാകരന്റെ മടങ്ങിവരവ് നീളുമെന്നാണു നേരത്തെ വാർത്തയുണ്ടായിരുന്നത്. ജൂൺ നാലു വരെ ആക്ടിങ് പ്രസിഡന്റ് തുടരാൻ ഹൈക്കമാൻഡ് നിർദേശിച്ചുവെന്നായിരുന്നു റിപ്പോർട്ട്.



## മഞ്ചേശ്വരത്ത് കാർ ആംബുലൻസുമായി കൂട്ടിയിടിച്ചു; അച്ഛനും രണ്ടുമക്കളും മരിച്ചു

കാസർകോട്: മഞ്ചേശ്വരത്ത് വാഹനാപകടത്തിൽ അച്ഛനും രണ്ടു മക്കളും മരിച്ചു. തൃശൂർ സ്വദേശികളായ ശിവകുമാർ (54), ശരത് (23), സൗരവ് (15) എന്നിവരാണ് മരിച്ചത്. മംഗളൂരുവിൽ നിന്ന് വന്ന കാർ ആംബുലൻസുമായി കൂട്ടിയിടിച്ചായിരുന്നു അപകടം.

കുഞ്ചത്തൂരിൽ വച്ചായിരുന്നു സംഭവം. കാസർകോടുനിന്നും മംഗളൂരുവിലേക്ക് പോയ ആംബുലൻസുമായാണ് കാർ കൂട്ടിയിടിച്ചത്. മൂന്നുപേരും സംഭവസ്ഥലത്ത് വച്ച് തന്നെ മൂന്ന് പേരും മരിച്ചതായാണ് റിപ്പോർട്ട്. ഇടിയുടെ ആഘാതത്തിൽ കാർ പൂർണമായും തകർന്നു.

## ഇഡി എതിർത്തു, കെജരിവാളിന്റെ ഇടക്കാല ജാമ്യത്തിൽ ഉത്തരവില്ല; ഹർജി മാറ്റി

ന്യൂഡൽഹി: ഡൽഹി മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട കള്ളപ്പണ ഇടപാടു കേസിൽ മുഖ്യമന്ത്രി അരവിന്ദ് കെജരിവാളിന് ഇടക്കാല ജാമ്യം നൽകുന്നതിൽ സുപ്രീം കോടതി വിധി പറഞ്ഞില്ല. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കടുത്ത എതിർപ്പ് ഉയർത്തിയതോടെ കേസ് വീണ്ടും പരിഗണിക്കാനായി മാറ്റി. അടുത്ത വ്യാഴാഴ്ച ഹർജി ജസ്റ്റിസുമാരായ സഞ്ജീവ് ഖന്നയും ദീപാങ്കർ ദത്തയും അടങ്ങിയ ബെഞ്ച് വീണ്ടും പരിഗണിച്ചേക്കും.

അറസ്റ്റ് ചോദ്യം ചെയ്തുള്ള കെജരിവാളിന്റെ ഹർജിയിൽ സുപ്രീം കോടതി ഇടക്കാല ജാമ്യം പരിഗണിക്കുകയായിരുന്നു. രാഷ്ട്രീയക്കാരൻ എന്ന പരിഗണന വച്ച് ജാമ്യം അനുവദിക്കാനാവില്ലെന്ന് ഇഡി നിലപാടെടുത്തു. രാഷ്ട്രീയക്കാരൻ എന്നതല്ല, ഓരോ വ്യക്തിക്കും അസാധാരണ സാഹചര്യങ്ങൾ ഉണ്ടാവാമെന്ന് കോടതി പറഞ്ഞു. കെജരിവാൾ ഡൽഹിയുടെ തെരഞ്ഞെടുക്കപ്പെട്ട മുഖ്യമന്ത്രിയാണ്. തെരഞ്ഞെടുപ്പു



കാലമാണ്. ഇതൊരു അസാധാരണ സാഹചര്യമാണെന്ന് കോടതി ചൂണ്ടിക്കാട്ടി.

കേസിൽ അന്വേഷണം ഇഴഞ്ഞുനീങ്ങുന്നതിൽ രാവിലെ കോടതി അതൃപ്തി പ്രകടിപ്പിച്ചു. അരവിന്ദ് കെജരിവാളിനെ അറസ്റ്റ് ചെയ്തതു വരെയുള്ള കേസ് ഫയലുകൾ ഹാജരാക്കാൻ ഇഡിയോട് കോടതി ആവശ്യപ്പെട്ടു.

ഡൽഹി ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയെ അറസ്റ്റ് ചെയ്യുന്നതിനു മുമ്പും ശേഷവുമുള്ള അന്വേഷണ പുരോഗതിയുടെ വിവരങ്ങൾ അറിയിക്കാനും കോടതി ഇഡിക്കു നിർദേശം നൽകി. അന്വേഷം ഇഴഞ്ഞുനീങ്ങുന്നതിനെ കോടതി ചോദ്യം ചെയ്തു. രണ്ടു വർഷമെടുത്താണ് എന്തെങ്കിലുമൊരു പുരോഗതിയുണ്ടാവുന്നത്. പ്രതികളോടും സാക്ഷികളോടും കൃത്യമായ ചോദ്യങ്ങൾ ചോദിക്കാതെ ഇഡി വളഞ്ഞ വഴി സ്വീകരിക്കുകയാണെന്നും കോടതി വിമർശിച്ചു.

കേസിൽ കെജരിവാളിന്റെ പങ്ക് പിന്നീട് വ്യക്തമായതെന്ന് ഇഡിക്കു വേണ്ടി അഡീഷണൽ സോളിസിറ്റർ ജനറൽ എസ് വി രാജു പറഞ്ഞു. തുടക്കത്തിൽ കെജരിവാളിൽ ആയിരുന്നില്ല ഫോക്കസ്. പിന്നീടു കൂടുതൽ കാര്യങ്ങൾ വെളിപ്പെട്ടു. ഗോവ തെരഞ്ഞെടുപ്പു പ്രചാരണത്തിനിടെ കെജരിവാൾ സെവൻ സ്റ്റാർ ഹോട്ടലിലാണ് തങ്ങിയതെന്നും ഡൽഹി പൊതു ഭരണ വകുപ്പ് ഇതിനു ഭാഗികമായി പണം നൽകിയിട്ടുണ്ടെന്നും എസ് വി രാജു പറഞ്ഞു.

മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട് ഇഡി അന്വേഷിക്കുന്ന കള്ളപ്പണക്കേസിൽ മാർച്ച് 21നാണ് കെജരിവാളിനെ അറസ്റ്റ് ചെയ്തത്. തിഹാർ ജയിലിൽ കഴിയുന്ന കെജരിവാളിന് ലോക്സഭാ തെരഞ്ഞെടുപ്പിൽ പ്രചാരണം നടത്താൻ കഴിഞ്ഞിട്ടില്ല.

അറസ്റ്റ് ചോദ്യം ചെയ്തുള്ള ഹർജി ഡൽഹി ഹൈക്കോടതി തള്ളിയതിനെ ചോദ്യം ചെയ്താണ് കെജരിവാൾ സുപ്രീം കോടതിയെ സമീപിച്ചത്. അതിനിടെ വിചാരണക്കോടതി കെജരിവാളിൻറെ കസ്റ്റഡി കാലാവധി 20 വരെ നീട്ടി.

## ആലപ്പുഴയിൽ ഉഷ്ണതരംഗ മുന്നറിയിപ്പ്, കോഴിക്കോട്ടും ഉയർന്ന താപനില തുടരും

തിരുവനന്തപുരം: തുടർച്ചയായ ദിവസങ്ങളിൽ അതിതീവ്രമായ ചൂട് രേഖപ്പെടുത്തിയ പശ്ചാത്തലത്തിൽ ആലപ്പുഴ ജില്ലയിൽ ഇന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് ഉഷ്ണതരംഗ മുന്നറിയിപ്പ് പ്രഖ്യാപിച്ചു. ആലപ്പുഴയിൽ ചൊവ്വാഴ്ചയും ബുധനാഴ്ചയും ഉയർന്ന താപനില 38 ഡിഗ്രി സെൽഷ്യസ് വരെ രേഖപ്പെടുത്താൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം. ആലപ്പുഴയിൽ ഉയർന്ന രാത്രി താപനില തുടരാൻ സാധ്യതയെന്നും മുന്നറിയിപ്പിൽ പറയുന്നു.

കഴിഞ്ഞ ദിവസങ്ങളിൽ കടുത്ത ചൂട് അനുഭവപ്പെട്ട പാലക്കാട് ജില്ലയിൽ ചൊവ്വാഴ്ചയും ബുധനാഴ്ചയും ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെ രേഖപ്പെടുത്തിയേക്കും.

ആലപ്പുഴയ്ക്ക് പുറമേ തൃശൂർ, കോഴിക്കോട് ജില്ലകളിൽ ഉയർന്ന താപനില 38ത്ഥഇ വരെയും, കൊല്ലം, കോട്ടയം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ 37ത്ഥഇ വരെയും തിരുവനന്തപുരം, മലപ്പുറം, കണ്ണൂർ, കാസർകോട് ജില്ലകളിൽ 36ത്ഥഇ വരെയും ഈ ദിവസങ്ങളിൽ രേഖപ്പെടുത്താൻ സാധ്യതയെന്നും കാലാവസ്ഥ വകുപ്പ് അറിയിച്ചു. ജാഗ്രതയുടെ ഭാഗമായി ഈ ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ഈ ജില്ലകളിൽ മലയോര മേഖലകളിലൊഴികെ ഈ ദിവസങ്ങളിൽ ചൂടും ഈർപ്പവുമുള്ള കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. ആലപ്പുഴയ്ക്ക് പുറമേ കോഴിക്കോട് ജില്ലയിലെ ചില പ്രദേശങ്ങളിലും ഇന്ന് ഉയർന്ന രാത്രി താപനില തുടരാൻ സാധ്യതയുണ്ട്.

## വിവാഹത്തിന് മുമ്പ് ലോഡ്ജിൽ കൊണ്ടുപോയി പീഡിപ്പിച്ച കേസ്; ഭർത്താവിനെയും സുഹൃത്തിനെയും വെറുതെ വിട്ടു

കോഴിക്കോട്: വിവാഹത്തിനുമുമ്പ് പ്രണയത്തിലായിരുന്നപ്പോൾ പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിച്ചു എന്ന കേസിൽ ഭർത്താവിനെയും സുഹൃത്തിനെയും വെറുതെവിട്ടു.

കോഴിക്കോട് പ്രിൻസിപ്പൽ പോക്സോ കോടതിയുടേതാണ് ഉത്തരവ്. പ്രായപൂർത്തിയാകുന്നതിനു മുമ്പ് പ്രണയത്തിലായ സമയത്ത് സുഹൃത്തുക്കൾക്കൊപ്പം വയനാട്ടിൽ കൊണ്ടുപോയി ലോഡ്ജിൽവെച്ചും പിന്നീട് കോഴിക്കോട്ടെ ലോഡ്ജിൽവെച്ചും പീഡിപ്പിച്ചു എന്ന് പെൺകുട്ടി പരാതി നൽകിയിരുന്നു. കേസിൽ മെഡിക്കൽ കോളജ് പൊലീസ് കുറ്റപത്രം നൽകി. പ്രതികൾക്കുവേണ്ടി അഭിഭാഷകരായ ബിനീഷ് ബാബു, ബൈജു പുതിയടത്ത് മീത്തൽ, എം. റാവു, അസിക് മൻസൂർ, സയ്യിദ് ഹാരിസ് തങ്ങൾ എടപ്പാൾ എന്നിവർ ഹാജരായി.

## തിരുവല്ലയിൽ യുവതിക്ക് നേരേ ആക്രമണം; പ്രതി പിടിയിൽ

പത്തനംതിട്ട: തിരുവല്ല നഗരമധ്യത്തിൽ യുവതിയെ ആക്രമിച്ച് മദ്യപാനി. തിരുവല്ല സ്വദേശി ജോജോ ആണ് യുവതിയുടെ നേർക്ക് ആക്രമണം നടത്തിയത്. ഇരുചക്രവാഹനത്തിൽ വരികയായിരുന്ന യുവതിയെ ഇയാൾ തടഞ്ഞു നിർത്തി വലിച്ചു താഴെയിടുകയായിരുന്നു. പോലീസ് സ്റ്റേഷനിൽ എത്തി ബഹളം വച്ച ശേഷമാണ് ഇയാൾ റോഡിൽ ഇറങ്ങി യുവതിക്ക് നേരെ ആക്രമണം നടത്തിയത്. പരിക്കേറ്റ 25 കാരിയെ തിരുവല്ല താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

മദ്യപിച്ച് ബൈക്കിൽ പൊലീസ് സ്റ്റേഷനിലെത്തിയ ജോജോ ബഹളം വെച്ചതിനെ തുടർന്ന് ബൈക്ക് വാങ്ങി വെച്ച് പൊലീസുകാർ മടക്കി അയച്ചു. തുടർന്ന് തിരുവല്ല നഗരത്തിലെ പ്രധാന റോഡിലേക്കെത്തിയ ഇയാൾ ഇരുചക്രവാഹനത്തിലെത്തിയ പെൺകുട്ടിയെ കാണുകയും അവരെ വലിച്ചു താഴെയിടുകയുമാണുണ്ടായത്. ഇയാൾ സ്ഥിരം മദ്യപിച്ച് പ്രശ്നമുണ്ടാക്കുന്നയാളെന്ന് പൊലീസ് വ്യക്തമാക്കി. ജോജോയുടെ വൈദ്യപരിശോധന പൂർത്തിയാക്കിയതിന് ശേഷം അറസ്റ്റ് രേഖപ്പെടുത്തുമെന്ന് തിരുവല്ല പൊലീസ് അറിയിച്ചു. അതേസമയം പ്രതി ജോജോയെ പൊലീസ് വാഹനത്തിൽ വെച്ച് യുവതിയുടെ ബന്ധുക്കൾ കൈയ്യേറ്റം ചെയ്തു.

# മെഡിക്കൽ കോളജ് ഐസിയു പീഡനക്കേസിൽ ഡോക്ടർക്കെതിരെ പുനരന്വേഷണം

കോഴിക്കോട്: മെഡിക്കൽ കോളജ് ഐസിയു പീഡനക്കേസിൽ ഡോ. പ്രീതിക്കെതിരെ പുനരന്വേഷണത്തിന് ഉത്തരവ്. നാർക്കോട്ടിക് സെൽ എസിപി ടിപി ജേക്കബ് ഒരാഴ്ചയ്ക്കം റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഉത്തര മേഖല ഐജി കെ സേതുരാമൻ ഉത്തരവിട്ടു. പീഡനക്കേസിൽ ഡോക്ടർ തന്റെ മൊഴി പൂർണമായും രേഖപ്പെടുത്തിയില്ലെന്ന് അതിജീവിത സിറ്റി പൊലീസ് കമ്മിഷണർക്ക് പരാതി നൽകിയിരുന്നു.

ഈ കേസിലെ പൊലീസ് അന്വേഷണ റിപ്പോർട്ട് നൽകണമെന്ന് അതിജീവിത ആവശ്യപ്പെട്ടിട്ടും കമ്മിഷണർ നൽകിയിരുന്നില്ല, ഇതോടെ റിപ്പോർട്ട് നൽകണമെന്നാവശ്യപ്പെട്ട് അതിജീവിത കമ്മിഷണർ ഓഫിസിന് സമീപത്ത് സമരം ആരംഭിച്ചിരുന്നു. തുടർന്ന് അതിജീവിത ആവശ്യപ്പെട്ട റിപ്പോർട്ട് നൽകാൻ ഉത്തരമേഖല ഐജി കമ്മിഷണർക്ക് നിർദേശം നൽകി.

ഡോ. കെവി പ്രീതിക്കെതിരായ പരാതിയിൽ എസിപി നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ടിന്റെ പകർപ്പ് അതിജീവിതയ്ക്ക് നൽകാനാണ് നിർദേശം നൽകിയത്. ഇതിനു പിന്നാലെ അതിജീവിത സമരം അവസാനിപ്പിക്കുകയായിരുന്നു. ഡോ. പ്രീതിക്കെതിരെ പുനരന്വേഷണം നടത്തണമെന്നും അതിജീവിത ആവശ്യപ്പെട്ടിരുന്നു.




# മനോനിറവോടെ വീണ്ടും ഒരു പ്രകൃതി പഠന യാത്ര

ലവ്ഗ്രീൻ മുവ്മെന്റ് കോടനാട്, കൊത്തഗിരി കോനൂർ ഫേൺഹിൽ തുടങ്ങിയ തമിഴ്നാടിന്റെ ഗ്രാമവീഥികളിലൂടെ പ്രകൃതിപഠനയാത്ര നടത്തി. അമ്പത്തിമൂന്നംഗ സംഘത്തിന്റെ യാത്ര മെയ് 3, 4, 5 തിയ്യതികളിലായിരുന്നു.

പി എൻ ദാസിന്റെ ഓർമ്മ മന്ദിരമായ കോഴിക്കോട് മൊകവൂരിലെ പി എൻ ദാസ് റിട്രീറ്റ് സെൻറർ യാത്രയുടെ ഉദ്ഘാടന വേദിയായി. ശാന്തി നികേതൻ ഡയറക്ടറും എൽജിഎംസംസ്ഥാന കോഡിനേറ്ററുമായ ഷാജു ഭായ് ഉദ്ഘാടന ഭാഷണം നടത്തി എൽജിഎം സംസ്ഥാനസാരഥി ശങ്കരനാരായണന്റെ അദ്ധ്യക്ഷതയിൽ നാസർ തയ്യുള്ളതിൽ, സെഡ് എ സൽമാൻ, തുടങ്ങിയവർ സംസാരിച്ചു. ഫൈസൽക്കയും സംഘവും ഗസൽ രാവ് അവതരിപ്പിച്ചു,

പി. ഹേമപാലൻ,കെബിആർ കണ്ണൻ, ഫാസിൽ ഇ , ബഷീർ കളത്തിങ്ങൽ,റിയാസ് മേലേപ്പാട്ട്, സജിദ് വാൻ, വി.ബിജു, ദാസ് കോട്ടയം തുടങ്ങിയവർ യാത്രയുടെ ഏകോപന സാരഥികളായി.

പ്രാണനെ ഉണർന്നു പ്രകൃതിയോട് സമരസപ്പെട്ട് ജീവിക്കുക എന്ന ബോധന സന്ദേശവുമായ് നടത്തിയ യാത്ര എൽജിഎം സ്ഥാപകാചാര്യൻ,പ്രൊഫ. ശോഭീന്ദ്രൻ മാഷിന്റെ സ്മൃതിയിലും ശ്രുതിയി ലുമായിരുന്നു.

അകമനസ്സുണർന്നുള്ള പ്രകൃതിനിരീക്ഷണവും സ്വയം പാചകപ്പെടുത്തി കഴിക്കുന്ന ഹരിത ഭക്ഷണ രീതികളും ആട്ടവും പാട്ടും കളികളും ഹരിതധ്യാനവുമായ് നീങ്ങിയ പഠനയാത്ര ഉള്ളുണർവ്വിന്റെ, പാരസ്പര്യ ജീവനത്തിന്റെ കരുത്തും പൊരുത്തവും പകരുന്നതായിരുന്നു.

## ഇന്നത്തെ ചിന്താവിഷയം

### സുപ്രധാനമായ കഴിവുകൾ

>>>>>>>>>>>>>>>>>>>>>>

ബുദ്ധിശക്തിയിലും കഴിവിലും മനുഷ്യൻ തന്നെ മുന്നിൽ. അവന്റെ ബുദ്ധിയുടെ അപാരത കഴിവിന്റെ പ്രഗത്ഭത അളക്കാനാകുന്നില്ല. അളക്കുന്തോറും പിന്നെയും ബാക്കി നിൽക്കുന്ന പ്രതിഭാസം. പലപ്പോഴും ഒരുവന്റെ കഴിവുകൾ അറിയാതെ പോകുന്നു. അതിന് കാരണങ്ങൾ പലതുമുണ്ടായിരിക്കും. കഴിവു കണ്ടെത്തി ഉണർത്തുന്നിടത്ത് വിജയം വന്നു വിളിക്കും. ഏതു കഴിവുകളും സുപ്രധാനമാണ്. അത് കലയിലാകട്ടെ, സംഗീതത്തിലാകട്ടെ, വിദ്യയിലാകട്ടെ, കായിക സാംസ്ക്കാരിക തലങ്ങളിലാകട്ടെ, ജോലിയിലാകട്ടെ കഴിവുകൾ പ്രകടമാക്കുക തന്നെ വേണം. ചിലപ്പോൾ പരിശീലനവും അഭ്യാസവും വേണ്ടിവരും. അവിടെ അസൂയക്കോ അപകർഷതാബോധത്തിനോ സ്ഥാനമില്ല. നമ്മളിലെ അറിവും ബോധവും ജ്ഞാനവും കൊണ്ട് കഴിവുകൾ ഉപയോഗപ്പെടുത്തുന്നവർ വിജയം നേടുന്നു. ഏതു കഴിവും കഠിനാദ്ധ്വാനത്തേയും സ്ഥിരോത...

**കെ.വിജയൻ നായർ**
**മുംബൈ**

# കോഴിക്കോട് സർവീസ് വർധിപ്പിക്കാൻ ഒരുങ്ങി ഒമാൻ എയർ



മസ്കറ്റ്: കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് സർവീസുകൾ വർധിപ്പിക്കാൻ ഒരുങ്ങി ഒമാൻ എയർ. ഒമാനിൽ നിന്നും കൂടുതൽ സർവീസുകൾ കോഴിക്കോട്ടേക്ക് ആവശ്യമാണെന്ന് മനസ്സിലാക്കിയ സാഹചര്യത്തിലാണ് സർവീസുകൾ ഉയർത്തുന്നതിനെ കുറിച്ച് ചർച്ച ചെയ്യുകയും കൂടുതൽ വിമാനങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തത്. ഇന്ത്യക്ക് പുറമെ യൂറോപ്യൻ നഗരങ്ങളിലേക്കും തായ്ലാന്റ്, മലേഷ്യ എന്നീ രാജ്യങ്ങളിലക്കുമാണ് അധിക സർവീസുകൾ ഒമാൻ ദേശീയ വിമാന കമ്പനിയായ ഒമാൻ എയർ പ്രഖ്യാപിച്ചിരിക്കുന്നത്.

ഇന്ത്യൻ സെക്ടറുകളിൽ കോഴിക്കോട്ടേക്ക് മാത്രമാണ് അധിക സർവീസുകൾ ഒമാൻ എയർ നടത്തുന്നത്. മസ്കറ്റിൽ നിന്നും കോഴിക്കോട്ടേക്ക് ജൂൺ മൂന്ന് മുതൽ സർവീസ് ആരംഭിക്കും. പ്രതിവാരം 11 സർവീസുകൾ ആയിരിക്കും നടത്തുക. ഇപ്പോൾ ആഴ്ചയിൽ ഏഴ് സർവീസുകളാണുള്ളത്. മസ്കറ്റ് -കോഴിക്കോട് റൂട്ടിൽ തിങ്കൾ, ബുധൻ, വെള്ളി, ദിവസങ്ങളിൽ ഓരോ സർവീസ് വീതവും ചൊവ്വ, വ്യാഴം, ശനി, ഞായർ ദിവസങ്ങളിൽ രണ്ട് സർവീസുകൾ വീതവും ആണ് ഒമൻ എയർ നടത്തുക.

വേനൽ അവധിക്കും, ബലി പെരുന്നാളിനും നാട്ടിലേക്ക് പോകുന്നവർക്ക് ഇത് വലിയ ഗുണകരമാകും. കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ എന്നിവിടങ്ങളിൽ നിന്നും ഒമാനിലേക്ക് പോകുന്നവർക്ക് അധിക സർവീസകൾ ഏറെ ഗുണം ചെയ്യും. കണ്ണൂർ സെക്ടറിൽ എയർ ഇന്ത്യ എക്സ്പ്രസിന്റെ അധിക സർവീസുകൾ ഈ മാസം രണ്ട് മുതൽ ആരംഭിച്ചിരുന്നു.

ഇപ്പോൾ സർവീസ് ഇല്ലാത്ത സൂറിച്ചിലേക്ക് ഒക്ടോബർ അഞ്ച് മുതൽ പ്രതിവാരം മൂന്ന് സർവീസുകളും നടത്താൻ പ്രഖ്യാപിച്ചിട്ടുണ്ട്.




**പ്രതിഷേധ ധർണ ഐ എൻ ടി യു സി അഖിലേന്ത്യാ സെക്രട്ടറി ഡോ എം പി പദ്മനാഭൻ ഉത്ഘാടനം ചെയ്യുന്നു**

# മേയറുടെയും എം എൽ എ യുടെയും അധികാര ഹുങ്ക് തൊഴിലാളികളുടെ നേരെ ആവരുത് – ഐ എൻ ടി യു സി പ്രതിഷേധ ധർണ നടത്തി

കോഴിക്കോട് : തിരുവനന്തപുരം മേയറും മേയറുടെ ഭർത്താവ് എം എൽ എ യും ചേർന്ന് നടുറോഡിൽ കെ എസ് ആർ ടി സി ബസ്സ് തടഞ്ഞു നിർത്തി പൊതു ഗതാഗതം സ്തംഭിപ്പിച്ചു് തൊഴിലാളിയുടെ ജോലി തടസ്സപ്പെടുത്തുകയും യാത്രക്കാരെ ബുദ്ധിമുട്ടിക്കുകയും ചെയ്ത് കൊണ്ട് നിയമം കയ്യിലെടുത്തതിൽ പ്രതിഷേധിച്ച് കൊണ്ട് അധികാര ഹുങ്ക് തൊഴിലാളികളുടെ നേരെ ആവരുത് എന്ന ആവശ്യം ഉയർത്തി കോഴിക്കോട് കെ എസ് ആർ ടി സി ബസ്സ് ടെർമിനലിനു മുമ്പിൽ ഐ എൻ ടി യു സി നേതൃത്വത്തിൽ പ്രതിഷേധ ധർണ നടത്തി. ഇന്ത്യൻ നാഷണൽ സാലറീഡ് എംപ്ലോയീസ് ആൻഡ് പ്രൊഫഷണൽ വർക്കേഴ്സ് ഫെഡറേഷൻ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന ധർണ ഐ എൻ ടി യു സി അഖിലേന്ത്യാ സെക്രട്ടറി ഡോ എം പി പദ്മനാഭൻ ഉത്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് എം സതീഷ് കുമാർ അധ്യക്ഷത വഹിച്ചു. അഖിലേന്ത്യാ വൈസ് പ്രസിഡണ്ട് എം കെ ബീരാൻ, സംസ്ഥാന ജനറൽ സെക്രട്ടറി എം പി രാമകൃഷ്ണൻ, സംസ്ഥാന സെക്രട്ടറി കെ സി അബ്ദുൽ റസാക്ക്, ഡി സി സി സെക്രട്ടറി അഡ്വ എ ഇ മാത്യു, (കെ എസ് ഇ ബി എംപ്ലോയീസ് കോൺഫെഡറേഷൻ ജില്ലാ പ്രസിഡണ്ട് കെ ദാമോദരൻ, ടി പി സുനിൽകുമാർ, ടി ടി മുഹമ്മദ് സലീം, രാജേഷ് അടമ്പാട്ട്, ബിജിത്ത് പിലാക്കാട്ട്, കെ പി സകീന, പി ദാസൻ എന്നിവർ പ്രസംഗിച്ചു.




# മതസൗഹാർദ്ധ ആഘോഷം സംഘടിപ്പിച്ചു

വിറാൾ :വിറാൾ മലയാളി കമ്മ്യൂണിറ്റിയുടെ ഈസ്റ്റർ-റമദാൻ -വിഷു ആഘോഷം സംഘടിപ്പിച്ചു. പൊതുസമ്മേളനം ഓവർസീസ് കോൺഗ്രസ് യുകെ വർക്കിംഗ് പ്രസിഡന്റ് ഷൈനു ക്ലെയർ മാത്യൂസ് ഉദ്ഘാടനം ചെയ്തു. ഡബ്ല്യു എം സി പ്രസിഡന്റ് ജസ്വിൻ കുളങ്ങര അധ്യക്ഷത വഹിച്ചു. സെക്രട്ടറി സിബി സാം തോട്ടത്തിൽ,വൈസ് പ്രസിഡൻറ് പ്രീതി ദിലീപ്,കമ്മ്യൂണിറ്റി കോഡിനേറ്റർ ജോഷി ജോസഫ് എന്നിവർ പ്രസംഗിച്ചു.ഡാൻസ് കോമ്പറ്റീഷനിൽ സമ്മാനാർഹരായവർക്ക് ട്രോഫിയും ക്യാഷ് അവാർഡും ആർട്സ് കോഡിനേറ്റർ അലക്സ് തോമസ്, ബിജു ജോസഫ്, മനോജ് തോമസ് ഓലിക്കൽ, ലിൻസൺ ലിവിങ്സ്റ്റൺ, ഷൈനി ബിജു, ശ്രീപ്രിയ ശ്രീദേവി, സലാഹുദ്ദീൻ ഒരുവിൽ, രേഖ രാജ്മോഹൻ, നോയൽ ആന്റോ, ഷിബി ലോനപ്പൻ, ജൂബി ജോഷി, സോണി ജിബു, ജിയോമോൾ ജോബി എന്നിവർ ചേർന്ന് സമ്മാനിച്ചു..ഈ സാമ്പത്തിക വർഷം ഡബ്ല്യുഎംസി ഏറ്റെടുക്കുന്ന ചാരിറ്റി പ്രവർത്തനങ്ങളുടെ പ്രഖ്യാപനം ചാരിറ്റി കോഡിനേറ്റർ ഫ്രീഡ പുന്നൻ നിർവഹിച്ചു.

## പ്രദിക്ഷണമടിവച്ചടിവച്ചും

>>>>>>>>>>>>>>>>>>>>>>>>

ആദിത്യൻ കുങ്കുമക്കുറിയിട്ട്
സുപ്രഭാതമണിഞ്ഞു നടപ്പൂ!
ആത്മാവുണരുന്നനേരമങ്ങ്
സാനന്ദം വെള്ളകീറിയാകാശം!

കിളികൾ ചിലക്കും കൂടുവിട്ടും
കാടിൻ കൊമ്പത്തിരുന്നു പാടും
കുയിലുകളും, പ്രഭാതസന്ധ്യക്ക്
കൂളിച്ചീറൻമാറി കോലം വരച്ചും.

കൺകുളിർക്കെ തറവാട്ടമ്മയും
കണ്ടനുമോദിച്ചു ശ്രീയുള്ളവളെ
കൽപ്പിതമി വിരുതിലങ്ങനുമോദം
കാലാന്തരേ വിരളം ഭവനത്തിലും.

മുഖശ്രീ കസവിന്റെ പുടവ ചുറ്റിയും
മുല്ലപ്പൂ മുടിയിഴയിലും വദനത്തിലും
മെല്ലെയുണർത്തി തുളസിത്തറയും
മാനസം പ്രദിക്ഷണമടിവച്ചടിവച്ചും.

പൊട്ടിച്ചിരിക്കുന്നയാറുകളൊഴുകിടും
പുത്തൻ കലമതിലേറും ശുദ്ധജലവും
പാഴാക്കാതെയൊരു തുള്ളിപോലുമാ
പാവം ജനത്തിനുപകാരലഭ്യമാക്കണം.



**രചന :-**
**കെ. വിജയൻ നായർ**
**ഉല്ലാസ് നഗർ (മുംബൈ)**

## മെയ് 7 – ചൈൽഡ് മെന്റൽ ഹെൽത്ത് ദിനം

# മായാതെ നോക്കണം കുഞ്ഞിൻ പുഞ്ചിരി

കുട്ടികളുടെ ആരോഗ്യത്തിന് ആവശ്യമായ പോഷകാംശമുള്ള ഭക്ഷണം കൊടുക്കുന്ന കാര്യത്തിൽ മാതാപിതാക്കളാരും പിന്നിലല്ല. ഉയരത്തിനനുസരിച്ചുള്ള ശരീരഭാരം കുട്ടിക്കുണ്ടോ, വളർച്ചക്കുറവുണ്ടോ എന്നെല്ലാം നാമെല്ലാവരും സൂക്ഷ്മമായി നിരീക്ഷിക്കാറുമുണ്ട്. എന്നാൽ നമ്മുടെ കുട്ടിയുടെ ശാരീരിക ആരോഗ്യത്തിൽ ചെലുത്തുന്ന ഈ ശ്രദ്ധ മാനസികാരോഗ്യത്തിൽ ആരും ശ്രദ്ദിക്കലില്ലെന്നതാണ് ദൗർഭാഗ്യകരമായ കാര്യം. കുട്ടികളുടെ മാനസികാരോഗ്യവും മാനസിക വളർച്ചയുമൊക്കെ പലകാരണങ്ങൾ നാമെല്ലാം അവഗണിക്കാറാണ് പതിവ്.

എന്നാൽ ചെറുകുടുംബങ്ങളും സാങ്കേതിക വിദ്യകളുടെ അതിപ്രസരവുമെല്ലാം കുഞ്ഞുങ്ങളുടെ മാനസികാരോഗ്യത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. രണ്ട് മുതൽ മൂന്ന് വയസ്സ് വരെയുള്ള കുട്ടികൾ ദിവസം മൂന്ന് മണിക്കൂറിലധികം സമയം മൊബൈലും ടാബ്ലറ്റും ടിവിയുമൊക്കെയായി സ്ക്രീനിന് മുന്നിൽ ചെലവഴിക്കുന്നുണ്ടെന്ന് വിവിധ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഇത്തരത്തിലുള്ള കുട്ടികൾ ദിവസം ഒരു മണിക്കൂറിൽ താഴെ സ്ക്രീനിന് മുന്നിൽ ചെലവഴിച്ച കുട്ടികളെ അപേക്ഷിച്ച് അഞ്ചര വയസ്സാകുമ്പോൾ ശാരീരികമായി അത്ര സജീവമായിരിക്കില്ലെന്നും പഠനറിപ്പോർട്ടിൽ പറയുന്നു.

കുട്ടികളുടെ മാനസികാവസ്ഥയെക്കുറിച്ചും കുട്ടികൾ ശാരീരികമായും മാനസികമായും ആരോഗ്യമുള്ളവരാണെന്ന് മാതാപിതാക്കൾക്കോ പരിചാരകർക്കോ എങ്ങനെ ഉറപ്പാക്കാമെന്ന് നോക്കാം . കുട്ടികളിലെ പെരുമാറ്റം വിശകലനം ചെയ്യാൻ പ്രയാസമാണ്. ഉത്കണ്ഠ , കോപം, ലജ്ജ എന്നിവ പോലുള്ള പ്രവർത്തനങ്ങൾ വികസന വളർച്ചയുടെ ഭാഗവും ഒരു അസുഖത്തെക്കാൾ താൽക്കാലിക അവസ്ഥയും ആകാം. എന്നാൽ ഒരു നിശ്ചിത കാലയളവിൽ അല്ലെങ്കിൽ ദൈനംദിന ജീവിതത്തെ തടസ്സപ്പെടുത്തുന്ന വിധത്തിൽ അസ്വസ്ഥമായ പെരുമാറ്റങ്ങൾ ഉണ്ടാകുമ്പോൾ, അവ മാനസിക രോഗത്തിന്റെയോ ക്രമക്കേടിന്റെയോ ലക്ഷണങ്ങളായി കണക്കാക്കപ്പെടുന്നു.

മുതിർന്നവരിൽ കാണപ്പെടുന്ന അവസ്ഥകൾ കുട്ടികളിലും കൗമാരക്കാരിലും കാണപ്പെടാം. ക്ഷോഭം, ദേഷ്യം അല്ലെങ്കിൽ തലവേദന എന്നിവ കാണിക്കുന്നതിനാൽ കുട്ടികളിൽ വിഷാദരോഗം കണ്ടുപിടിക്കാൻ പ്രയാസമാണ് . മുതിർന്നവരിൽ വിഷാദരോഗത്തിന്റെ സാധാരണ ലക്ഷണങ്ങൾ താഴ്ന്ന മാനസികാവസ്ഥയും ദുഃഖവുമാണ്. അതിനാൽ നിങ്ങളുടെ കുട്ടികളുടെ പെരുമാറ്റത്തിൽ എന്തെങ്കിലും മാറ്റമുണ്ടോ അല്ലെങ്കിൽ അയാൾ/അവൻ ഏതെങ്കിലും തരത്തിലുള്ള മാനസിക വ്യതിയാനങ്ങളോ ഉറക്ക പ്രശ്നങ്ങളോ കാണിക്കുന്നുണ്ടോ എന്ന് മനസിലാക്കാൻ കെയർടേക്കർമാർ എന്ന നിലയിൽ നിങ്ങൾ ബോധവാന്മാരായിരിക്കണം.

കുട്ടികളിൽ കാണപ്പെടുന്ന സാധാരണ പെരുമാറ്റ പ്രശ്നങ്ങൾ ഇവയാണ്:

ഉത്കണ്ഠ,വിഷാദം- ദുഃഖം, ക്ഷോഭം അല്ലെങ്കിൽ മൂഡ് ചാഞ്ചാട്ടം, അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ , ശീല വൈകല്യങ്ങൾ അല്ലെങ്കിൽ സങ്കോചങ്ങൾ,മിതമായ ഭക്ഷണം അല്ലെങ്കിൽ അനോറെക്സിയ നെർവോസ അല്ലെങ്കിൽ ബുള്ളിമിയ നെർവോസ,വികസന വൈകല്യങ്ങൾ - ഓട്ടിസം ഉൾപ്പെടെയുള്ളവ.

കുട്ടികളിലെ മാനസികാരോഗ്യ പ്രശ്നങ്ങൾ: ആദ്യകാല ലക്ഷണങ്ങൾ തിരിച്ചറിയൽ

'കുട്ടികളുടെ മൊത്തത്തിലുള്ള ആരോഗ്യം ഉറപ്പാക്കുന്നതിൽ കുട്ടിയുടെ മാനസികാരോഗ്യ സൂക്ഷ്മതകൾ മനസ്സിലാക്കുന്നത് പരമപ്രധാനമാണ്. കുട്ടികളിലെ മാനസികാരോഗ്യ പ്രശ്നങ്ങൾ എല്ലായ്പ്പോഴും പ്രകടമാകണമെന്നില്ലെങ്കിലും, നേരത്തെ തിരിച്ചറിഞ്ഞാൽ കാര്യമായ മാറ്റമുണ്ടാക്കാൻ കഴിയുന്ന സൂക്ഷ്മമായ സൂചകങ്ങളുണ്ട്,'. കുട്ടികളിലെ മാനസികാരോഗ്യ പ്രശ്നങ്ങളെ സൂചിപ്പിക്കുന്ന ചില ആദ്യകാല ലക്ഷണങ്ങൾ നമുക്കൊന്ന് പരിശോധിക്കാം.



1. പെരുമാറ്റത്തിലെ മാറ്റങ്ങൾ

കുട്ടികളിലെ മാനസികാരോഗ്യ പ്രശ്നങ്ങളുടെ ആദ്യ സൂചകങ്ങളിലൊന്ന് പെരുമാറ്റത്തിലെ പ്രകടമായ മാറ്റങ്ങളാണ്. പെട്ടെന്നുള്ള ആക്രമണം, സാമൂഹിക ഇടപെടലുകളിൽ നിന്നുള്ള പിൻവാങ്ങൽ അല്ലെങ്കിൽ നിരന്തരമായ ക്ഷോഭം എന്നിവ ഇതിൽ ഉൾപ്പെട്ടേക്കാം. മാതാപിതാക്കളും പരിചാരകരും ഈ ഷിഫ്റ്റുകളുമായി പൊരുത്തപ്പെടണം, അവയ്ക്ക് അടിസ്ഥാനപരമായ വൈകാരിക ക്ലേശം സൂചിപ്പിക്കാൻ കഴിയുമെന്ന് മനസ്സിലാക്കുക.

2. ഏകാഗ്രതയിലെ ബുദ്ധിമുട്ട്

അക്കാദമിക് പ്രകടനത്തിലെ കുറവോ ജോലികളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള കഴിവില്ലായ്മയോ മാനസികാരോഗ്യ പ്രശ്നങ്ങളെ സൂചിപ്പിക്കാം. കുട്ടികൾ ഇടയ്ക്കിടെ ഏകാഗ്രതയുമായി പോരാടുന്നത് സ്വാഭാവികമാണെങ്കിലും, നിരന്തരമായ പാറ്റേൺ ഉത്കണ്ഠ അല്ലെങ്കിൽ ശ്രദ്ധാ വൈകല്യങ്ങൾ പോലുള്ള പ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടാം.

3. വൈകാരിക പ്രക്ഷുബ്ധത

വിശദീകരിക്കാനാകാത്ത മാനസികാവസ്ഥ, അമിതമായ ഭയം, അല്ലെങ്കിൽ വ്യക്തമായ കാരണങ്ങളില്ലാതെ തീവ്രമായ ദുഃഖം എന്നിവ മാനസികാരോഗ്യ പ്രശ്നങ്ങളുടെ അടയാളങ്ങളായിരിക്കാം. കുട്ടികൾ എല്ലായ്പ്പോഴും അവരുടെ വികാരങ്ങൾ വാചാലമായി പ്രകടിപ്പിക്കണമെന്നില്ല, അതിനാൽ മുതിർന്നവർ ഈ വൈകാരിക ഏറ്റക്കുറച്ചിലുകൾ നിരീക്ഷിക്കണം.

4. നിയന്ത്രണാതീതമായ പെരുമാറ്റം

തങ്ങളെയോ മറ്റുള്ളവരെയോ ദ്രോഹിക്കുന്ന, നിയന്ത്രണാതീതമായ പെരുമാറ്റം പ്രകടിപ്പിക്കുന്ന കുട്ടികൾ അടിയന്തര ശ്രദ്ധ ആവശ്യമാണ്. ഈ സ്വഭാവത്തിൽ ആക്രമണോത്സുകത, വിനാശകരമായ അല്ലെങ്കിൽ അനിയന്ത്രിതമായ തന്ത്രങ്ങൾ എന്നിവ ഉൾപ്പെട്ടേക്കാം.

കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താൻ മാതാപിതാക്കൾ ഇനി പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കാം.

1. കുട്ടികളുടെ ഒപ്പം സമയം ചെലവഴിക്കുക

വിലകൂടിയ കളിപ്പാട്ടങ്ങൾ വാങ്ങി കൊടുക്കാൻ പണം ചെലവഴിക്കുന്നതിനു പകരം കുട്ടികളുടെ ഒപ്പം അൽപ സമയം ചെലവഴിക്കാൻ ശ്രദ്ധിക്കുക. അവരുടെ കൂടി കളിക്കുന്നതും വർത്തമാനം പറയുന്നതും ഒരുമിച്ച് സിനിമ കാണുന്നതുമെല്ലാം കുട്ടികളുമായി മാനസിക അടുപ്പം ഉണ്ടാക്കാൻ സഹായിക്കും. കുട്ടികളിൽ സുരക്ഷിതത്വബോധം ഉണ്ടാക്കാനും തങ്ങൾ സ്നേഹിക്കപ്പെടുന്നു എന്ന തോന്നലുണ്ടാക്കാനും ഇത് ആവശ്യമാണ്.

2. കുട്ടികൾ പറയുന്നതിന് ചെവി കൊടുക്കുക

കുട്ടികൾ പറയുന്ന കാര്യങ്ങൾ പലപ്പോഴും പല മാതാപിതാക്കളും അവഗണിക്കാറുണ്ട്. എന്നാൽ കുട്ടികളുമായി ശരിയായ ആശയവിനിമയം മാതാപിതാക്കൾ സൃഷ്ടിച്ചെടുത്തില്ലെങ്കിൽ പിന്നീട് അവരെ സംബന്ധിച്ച പല കാര്യങ്ങളും അവർ നിങ്ങളിൽ നിന്ന് ഒളിച്ച് വച്ചെന്നു വരും. ഇത് അവരുടെ ഭാവിയെ തന്നെ ബാധിക്കാം. കുട്ടികൾ പറയുന്ന കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കുകയും മനസ്സ് തുറക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും വേണം. അവരുടെ ചിന്തകളും സ്വപ്നങ്ങളുമെല്ലാം ഇത്തരത്തിൽ അവർ നിങ്ങളോട് പങ്കുവയ്ക്കാൻ പ്രോത്സാഹിപ്പിക്കണം.

3. അവർ അർഹിക്കുന്ന അഭിനന്ദനങ്ങൾ നൽകാൻ മറക്കരുത്

കുട്ടികൾ ചെയ്യുന്ന നല്ല കാര്യങ്ങളെ പ്രോത്സാഹിപ്പിക്കാൻ അവർക്ക് ചെറിയ സമ്മാനങ്ങൾ നൽകുന്നതും അവർക്കുള്ള പ്രോത്സാഹനമാകും. എന്നാൽ സമ്മാനങ്ങൾ അത്ര വിലപിടിച്ചത് ആകാതിരിക്കാൻ ശ്രദ്ധിക്കണം.


4. പ്രതീക്ഷകൾ യാഥാർഥ്യ ബോധമുള്ളതാകണം

കുട്ടികളെ ഒരിക്കലും മറ്റ് കുട്ടികളുമായി താരതമ്യം ചെയ്യരുത്. ഇത് അവരുടെ ആത്മവിശ്വാസം കെടുത്തുകയും അപകർഷതാബോധം ഉണ്ടാക്കുകയും ചെയ്യും. കൂട്ടുകാരും സഹോദരങ്ങളുമായി താരതമ്യപ്പെടുത്തുന്നതിനു പകരം കുട്ടികളെ പ്രചോദിപ്പിക്കാനും അവരുടെ ആത്മവിശ്വാസം ഉയർത്താനും ശ്രമിക്കണം. ജീവിതത്തിലെ ചെറിയ നാഴികക്കല്ലുകൾ കുട്ടി താണ്ടുമ്പോൾ അവരെ അഭിനന്ദിക്കണം. അവരുടെ പ്രകടനം മെച്ചപ്പെടുത്താനുള്ള സഹായം ക്രിയാത്മക ചർച്ചകളിലൂടെ അവർക്ക് നൽകണം. കുട്ടികൾ ചെയ്യുന്ന കാര്യത്തെ കുറിച്ച് യാഥാർഥ്യബോധമുള്ള പ്രതീക്ഷകൾ മാതാപിതാക്കൾ വച്ചു പുലർത്തണം. ഇല്ലെങ്കിൽ നിങ്ങളുടെ അമിതപ്രതീക്ഷകളുടെ ഭാരം കുട്ടിയെ ശ്വാസം മുട്ടിക്കും.

കൈകാര്യം ചെയ്യാൻ പഠിപ്പിക്കുക

ഇന്നത്തെ അത്യന്തം മത്സരാത്മകമായ ലോകത്തിൽ സമ്മർദവും ഉത്കണ്ഠയുമൊക്കെ എല്ലാവരെയും ബാധിക്കാറുണ്ട്. പുറം ലോകത്തെ മാറ്റാൻ നമുക്ക് സാധിക്കില്ലായിരിക്കും. പക്ഷേ ഈ സമ്മർദത്തെ അതിജീവിക്കാനുള്ള വഴികളും ശീലങ്ങളും പെരുമാറ്റരീതികളും കുട്ടികളെ പഠിപ്പിക്കാൻ നമുക്കാകും. സമ്മർദം ജീവിതത്തിന്റെ ഭാഗമാണെന്ന് അംഗീകരിക്കാനും ആരോഗ്യകരമായ ചിന്തകളുമായി അവയെ ബാലൻസ് ചെയ്യാനും ചെറുപ്പം മുതലേ അവരെ പരിശീലിപ്പിക്കണം.

ശാരീരിക പ്രശ്നങ്ങൾക്ക് ചികിത്സ തേടുന്നതുപോലെ തന്നെ മാനസികപ്രശ്നങ്ങൾക്ക് ചികിത്സ തേടാനും മാതാപിതാക്കൾ മടികാണിക്കരുത്.മാനസികപ്രശ്ങ്ങൾക്ക് ചികിത്സ തേടുന്നത് എന്തോ കുറച്ചിലാണെന്ന ചിന്ത ആദ്യം തന്നെ മാറ്റിവയ്ക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം



**തയാറാക്കിയത്**
**ഡോ. ഗായത്രി രാജൻ**
**സീനിയർ സ്പെഷലിസ്റ്റ് ചൈൽഡ്& അഡോലസെന്റ് സൈക്രാട്രി ആസ്റ്റർ മിംസ് ഹോസ്പിറ്റൽ കോഴിക്കോട് ഹോസ്പിറ്റൽ കോഴിക്കോട്**

# വിദ്വേഷ പ്രസംഗം: ബിജെപി എംഎൽഎ രാജാ സിങ്ങിനെതിരെ വീണ്ടും കേസ്

ഭോപ്പാൽ: മുസ്‌ലിംകൾക്കെതിരെ വിദ്വേഷ പ്രസംഗം നടത്തിയതിന് വിവാദ ബിജെപി എംഎൽഎ ടി രാജാ സിങ്ങിനെതിരെ മഹാരാഷ്ട്രയിൽ വീണ്ടും കേസ്. കഴിഞ്ഞ ദിവസം സോലാപൂരിൽ സകാൽ ഹിന്ദു സമാജ് സംഘടിപ്പിച്ച ഹിന്ദു ജൻ ആക്രോശ് മോർച്ച റാലിയിൽ പ്രകോപന പ്രസംഗം നടത്തിയതിനാണ് തെലങ്കാന ഗോഷാമഹൽ എംഎൽഎയായ രാജാ സിങ്ങിനെതിരെ കേസെടുത്തത്.

ഇയാൾക്കൊപ്പം മഹാരാഷ്ട്ര ബിജെപി എംഎൽഎ നിതേഷ് റാണയ്ക്കെതിരെയും കേസെടുത്തിട്ടുണ്ട്. ഐപിസി 153 എ (രണ്ട് മത വിഭാ?ഗങ്ങൾക്കിടയിൽ വിദ്വേഷവും ശത്രുതയും വളർത്തുക), 295 എ (ഒരു മത വിഭാഗത്തിന്റെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന രീതിയിൽ ആ മതത്തെയോ മതവിശ്വാസങ്ങളെയോ അവഹേളിക്കുക) എന്നിവയടക്കമുള്ള വകുപ്പുകൾ ചുമത്തിയാണ് കേസ്.

ലോക്‌സഭാ തെരഞ്ഞെടുപ്പിൽ മുസ്‌ലിംകളിൽ നിന്ന് വോട്ട് തേടരുതെന്നും പകരം ഗോമാതാവിനെ സംരക്ഷിക്കുന്നവരിൽ നിന്നേ വോട്ട് തേടാവൂ എന്നും രാജാ സിങ് മഹാരാഷ്ട്ര മുഖ്യമന്ത്രി ഏകനാഥ് ഷിൻഡെയോട് പറഞ്ഞു. രാജാ സിങ്ങിന്റെ വിദ്വേഷ പ്രസംഗത്തിന്റെ ആറ് മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ പുറത്തുവന്നിട്ടുണ്ട്.

ഹലാൽ ഉൽപ്പന്നങ്ങൾ വാങ്ങരുതെന്ന് അണികളോട് ആഹ്വാനം ചെയ്ത രാജാ സിങ്, സംസ്ഥാനത്ത് ബുൾഡോസർ രാജ് നടപ്പാക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ലാൻഡ് ജിഹാദ്, ലവ് ജിഹാദ്, ഗോഹത്യ... ആരാണ് നമ്മെ ധിക്കരിക്കാൻ തുനിയുന്നതെന്ന് നമുക്ക് കാണാമെന്നും രാജാ സിങ് പറഞ്ഞു. ലവ് ജിഹാദ് വർധിക്കുകയാണെന്നും കേരളത്തിലും കർണാടകയിലും തീവ്രവാദികളെ കോൺഗ്രസ് പിന്തുണയ്ക്കുകയാണെന്നും ഇയാൾ ആരോപിച്ചു.ബിജെപി സ്ഥാനാർഥി രാം വിത്തൽ സാത്പുട്ടിന് വോട്ടഭ്യർഥിച്ചു നടന്ന പരിപാടിയിൽ മുസ്‌ലിംകൾക്കെതിരായ അക്രമങ്ങളെ രാജാ സിങ് പ്രോത്സാഹിപ്പിക്കുകയും ചെയ്തു. മുസ്‌ലിംകൾക്കെതിരെ അധിക്ഷേപ പരാമർശങ്ങൾ നടത്തിയ രാജാ സിങ്, റോഹിങ്ക്യൻ അഭയാർഥികൾക്കെതിരെയും രംഗത്തെത്തി.

നേരത്തെ, ഏപ്രിൽ 22ന് തെലങ്കാന ബസാർ പൊലീസും രാജാ സിങ്ങിനെതിരെ കേസെടുത്തിരുന്നു. അനുമതിയില്ലാതെ രാമനവമി റാലി സംഘടിപ്പിച്ചതിനും വിദ്വേഷ പാട്ട് പാടിയതിനുമായിരുന്നു കേസ്. സുൽത്താൻ ബസാർ പൊലീസാണ് കേസെടുത്തത്. അനുമതി നിഷേധിച്ചിട്ടും പൊലീസിനെ വെല്ലുവിളിച്ചാണ് രാജാ സിങ് രാമനവമി ഘോഷയാത്ര സംഘടിപ്പിച്ചത്. പൊലീസ് ഉദ്യോ?ഗസ്ഥന്റെ തന്നെ പരാതിയിലായിരുന്നു കേസ്. 'റോഹിങ്ക്യകൾ ഇന്ത്യയിൽ നിന്നും പുറത്തുപോവണ'മെന്നും ഇയാൾ ആവശ്യപ്പെട്ടു.

ഡി.ജെ മ്യൂസിക് സിസ്റ്റം സ്ഥാപിച്ച വാഹനത്തിന് മുകളിൽ കയറി നിന്നായിരുന്നു യാത്ര നയിച്ചത്. ആയുധങ്ങളേന്തിയ പത്തിലേറെ സുരക്ഷാ ജീവനക്കാർക്കൊപ്പമായിരുന്നു രാജാ സിങ് വിവിധ പോയിന്റുകളിൽ ആളുകളെ അഭിസംബോധന ചെയ്തത്. 'ഞങ്ങൾ തീക്കനലുകളാണ്. ഞങ്ങൾ കൊടുങ്കാറ്റാണ്. കേട്ടോ പാകിസ്താനി മൊല്ലകളേ, നിങ്ങളെ ഭാരത്തിൽ നിന്നും ഉന്മൂലനം ചെയ്യാനാണ് ഞങ്ങൾ വന്നിരിക്കുന്നത്' എന്ന് തുടങ്ങുന്ന പാട്ടാണ് തടിച്ചുകൂടിയ അണികളെ സാക്ഷി നിർത്തി ഇയാൾ മൈക്കിലൂടെ ഉച്ചത്തിൽ പാടിയത്.പ്രവാചക നിന്ദയടക്കം നിരവധി മതവിദ്വേഷ പ്രസംഗങ്ങൾ നടത്തി കുപ്രസിദ്ധനായ ബിജെപി നേതാവാണ് രാജാ സിങ്. വിദ്വേഷ പ്രസംഗം നടത്തിയതിന് രാജാ സിങ്, മഹാരാഷ്ട്ര എം.എൽ.എ നിതേഷ് റാണെ എന്നീ ബി.ജെ.പി നിയമസഭാംഗങ്ങൾക്കെതിരെ ജനുവരിയിൽ മഹാരാഷ്ട്ര പൊലീസ് കേസെടുത്തിരുന്നു. സോലാപൂരിൽ 'ഹിന്ദു ജൻ ആക്രോശ്' യാത്രയിൽ നടത്തിയ വിദ്വേഷ പ്രസംഗത്തിന്റെ പേരിലായിരുന്നു നടപടി.മുസ്‌ലിം വ്യാപാരികളെ ഹിന്ദുക്കൾ ബഹിഷ്കരിക്കണമെന്നും രാജാ സിങ് ആവശ്യപ്പെട്ടിരുന്നു. പ്രവാചകനെതിരെ അപകീർത്തികരമായ പരാമർശം നടത്തിയതിന് നേരത്തെ ബിജെപി ഇയാളെ സസ്പെൻഡ് ചെയ്തിരുന്നു.

# 'അത് മുൻ ഐ. ജി എസ്. എം മുഷ്‌രിഫിന്റെ വെളിപ്പെടുത്തൽ'; കർക്കരെയുടെ മരണത്തിൽ അന്വേഷണം ആവശ്യപ്പെട്ട് തരൂരും

ന്യൂഡൽഹി: 2008ലെ മുംബൈ ഭീകരാക്രമണത്തിൽ മഹാരാഷ്ട്ര പ്രതിപക്ഷ നേതാവ് വിജയ് വഡേത്തിവാർ ഉയർത്തിയ ആരോപണങ്ങളെ പിന്തുണച്ച് കോൺഗ്രസ് നേതാവ് ശശി തരൂരും. മുംബൈ ഭീകരവിരുദ്ധ സംഘം(എ.ടി.എസ്) മുൻ മേധാവി ഹേമന്ത് കർക്കരെ കൊല്ലപ്പെട്ടത് ആർ.എസ്.എസ് ബന്ധമുള്ള പൊലീസുകാരന്റെ വെടിയേറ്റാണെന്നായിരുന്നു വഡേത്തിവാറുടെ ആരോപണം. ആരോപണത്തെ കുറിച്ച് അന്വേഷിക്കണമെന്ന് തരൂർ ആവശ്യപ്പെട്ടു.

"ആരോപണം ഗൗരവത്തോടെ അന്വേഷിക്കണം. അന്വേഷണത്തിന് സമയം വൈകിയിട്ടില്ല. ഇത്രയും സുപ്രധാനമായൊരു വിഷയത്തിൽ എന്താണു സംഭവിച്ചതെന്ന് അറിയാനുള്ള എല്ലാ അവകാശവും രാജ്യത്തിനുണ്ട്. അതീവ ഗുരുതരമായ വിഷയമാണിത്."- തരൂർ പറഞ്ഞു.

അതേസമയം, ആരോപണം പൂർണമായും ശരിയാണെന്നു താൻ പറയുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി. വിഷയം അന്വേഷിക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. കുറച്ചുകാലമായി പൊതുമണ്ഡലത്തിലുള്ള വിഷയമാണ് മഹാരാഷ്ട്ര പ്രതിപക്ഷ നേതാവ് ഉയർത്തിയത്. മുൻ പൊലീസ് ഐ.ജി എസ്.എം മുഷ്‌രിഫിന്റെ പുസ്തകത്തിൽ ഇതേ ആരോപണമുണ്ട്. കർക്കരെ കൊല്ലപ്പെട്ടത് അജ്മൽ കസബിന്റെ വെടിയേറ്റല്ലെന്നും ഒരു പൊലീസ് തോക്കിൽനിന്നുള്ള വെടിയേറ്റാണെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഈ വിഷയം ഗൗരവമായി ഈ വിഷയം അന്വേഷിക്കേണ്ടതുണ്ടെന്നും തരൂർ കൂട്ടിച്ചേർത്തു.



നോർത്ത്-സെൻട്രൽ മുംബൈയിൽ ബി.ജെ.പി സ്ഥാനാർഥിയും മുംബൈ ഭീകരാക്രമണക്കേസിൽ പ്രോസിക്യൂട്ടറുമായ ഉജ്ജ്വൽ നികത്തിനെതിരെ ശശി തരൂർ വിമർശനമുന്നയിക്കുകയും ചെയ്തു. ജയിലിൽ പാകിസ്താൻ ഭീകരനു കഴിക്കാൻ ബിരിയാണി കൊടുത്തെന്നു പ്രചരിപ്പിച്ചയാളാണ് ഇദ്ദേഹം. അയാൾ മോശക്കാരനാണെന്നു വ്യക്തമാക്കുന്ന സംഭവമാണത്. നേരത്തെ തന്നെ ഉജ്ജ്വൽ തന്റെ രാഷ്ട്രീയചായ്‌വ് വെളിപ്പെടുത്തിയിരുന്നെങ്കിൽ അദ്ദേഹം മുൻപ് എടുത്ത പല നിലപാടുകളെയും അത് സ്വാധീനിച്ചിട്ടുണ്ടെന്ന് സംശയിക്കാനുള്ള എല്ലാ ന്യായവുമുണ്ട്. ഈ ആരോപണം ശരിയാണെന്നു പറയുകയല്ല. ഇതേക്കുറിച്ച് അന്വേഷണം വേണമെന്നാണ് ആവശ്യപ്പെടുന്നതെന്നും ശശി തരൂർ കൂട്ടിച്ചേർത്തു.

കഴിഞ്ഞ ദിവസമാണ് മുതിർന്ന കോൺഗ്രസ് നേതാവ് വിജയ് വഡേത്തിവാർ മുംബൈ ഭീകരാക്രമണത്തെ കുറിച്ച് പുതിയ വിവാദത്തിനു തിരികൊളുത്തിയത്. ഭീകരാക്രമണ കേസിൽ പ്രോസിക്യൂട്ടറായിരുന്ന ഉജ്ജ്വൽ നികത്തെ നോർത്ത് -സെൻട്രൽ മുംബൈയിൽ ബി.ജെ.പി സ്ഥാനാർഥിയായി പ്രഖ്യാപിച്ചതിനു പിന്നാലെയായിരുന്നു വഡേത്തിവാർ ഗുരുതരമായ ആരോപണവുമായി രംഗത്തെത്തിയത്. കർക്കരെയെ കൊന്നത് ആർ.എസ്.എസ് ബന്ധമുള്ള പൊലീസുകാരനാണെന്നും ഇക്കാര്യം അറിയാമായിരുന്നിട്ടും കോടതിയിൽ ഉജ്ജ്വൽ നികം മറച്ചുവച്ചുവെന്നുമായിരുന്നു വഡേത്തിവാർ പറഞ്ഞത്.

കോൺഗ്രസ് നേതാവിന്റെ പരാമർശങ്ങൾക്കെതിരെ കടുത്ത വിമർശനവുമായി ബി.ജെ.പി-ശിവസേന ഷിൻഡെ വിഭാഗം നേതാക്കളും രംഗത്തെത്തി. മഹാരാഷ്ട്രാ ഉപമുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് മുതൽ ബി.ജെ.പി ഐ.ടി സെൽ മേധാവി അമിത് മാളവ്യ വരെ രൂക്ഷമായ ഭാഷയിലാണ് വഡേത്തിവാറിന്റെ പരാമർശങ്ങളെ നേരിട്ടത്. ശിവസേന അദ്ദേഹത്തിനെതിരെ അന്വേഷണവും ആവശ്യപ്പെട്ടു.പരാമർശങ്ങളെ വളച്ചൊടിച്ച് ബി.ജെ.പി തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ തിരിച്ചടിക്കാൻ തുടങ്ങിയതോടെ വഡേത്തിവാർ വിശദീകരണവുമായും രംഗത്തെത്തി. പറഞ്ഞതൊന്നും തന്റെ വാക്കുകളല്ലെന്നും മുൻ മഹാരാഷ്ട്ര ഐ.ജി എസ്.എം മുഷ്‌രിഫിന്റെ പുസ്തകത്തിൽ വ്യക്തമാക്കിയ കാര്യങ്ങളാണെന്നും അദ്ദേഹം വിശദീകരിച്ചു. കർക്കരെയ്ക്കു വെടിയേറ്റ ഉണ്ടയെ കുറിച്ചുള്ള വിവരങ്ങളെല്ലാം പുസ്തകത്തിൽ വിശദീകരിക്കുന്നുണ്ടെന്നും വിജയ് വഡേത്തിവാർ കൂട്ടിച്ചേർത്തു.

സത്യാന്ന പ്രമദിതവ്യം

PEOPLE REVIEW

## സംവിധായകൻ ഹരികുമാറിന് ആദരാഞ്ജലികൾ

മലയാളികൾക്ക് അർത്ഥപൂർണമായ സിനിമകൾ സമ്മാനിച്ച ഹരികുമാറിന് ആദരാഞ്ജലികൾ. നാലു പതിറ്റാണ്ട് കലത്തെ സിനിമാ ജീവിതത്തിനാണ് തിരശ്ശീല വീണത്. മലയാളികളുടെ മനംകവർന്ന 20 ശ്രദ്ധേയമായ സിനിമകൾ അദ്ദേഹം സംവിധാനം ചെയ്തു. എം.ടി.വാസുദേവൻ നായർ, എം.മുകുന്ദൻ, ബാലചന്ദ്രൻ ചുള്ളിക്കാട്, ലോഹിതദാസ്, ശ്രീനിവാസൻ, ജോൺപോൾ എന്നിവരുടെ തിരക്കഥകൾ അദ്ദേഹം സിനിമയാക്കി. എം.ടിയുടെ തിരക്കഥ 1994ൽ സുകൃതം എന്ന പേരിൽ സിനിമയാക്കി. മികച്ച പ്രാദേശിക ഭാഷാ ചിത്രത്തിനുള്ള ദേശീയ പുരസ്കാരം ഈ ചിത്രം നേടുകയുണ്ടായി. വ്യത്യസ്ത വിഭാഗങ്ങളിലായി 6 തവണ സംസ്ഥാന പുരസ്ക്കാരങ്ങൾ അദ്ദേഹത്തെ തേടിയെത്തി. ഒരു സ്വകാര്യ ജാലകം, അയനം, ഊഴം, സദ്ഗമയ, പറഞ്ഞു തീരാത്ത വിശേഷങ്ങൾ, ജ്വാലാമുഖി, സ്നേഹപൂർവ്വം മീര, ഉദ്യാന പാലകർ, ക്ലിന്റ് എഴുന്നള്ളത്ത്, സ്വയംവരപന്തൽ, പുലർവെട്ടം, പുലിവരുന്നേ എന്നിവയാണ് പ്രധാന ചിത്രങ്ങൾ. 8 ഡോക്യുമെന്ററികളും, 2 ടെലിഫിലിമുകളും അദ്ദേഹം സംവിധാനം ചെയ്തു. രാച്ചിയമ്മ എന്ന ടെലിഫിലിം സംസ്ഥാന പുരസ്കാരം നേടി. എം.മുകുന്ദന്റെ കഥയെ ആസ്പദമാക്കി സംവിധാനം ചെയ്ത ഓട്ടോറിക്ഷക്കാരന്റെ ഭാര്യയാണ് അവസാന ചിത്രം. സിനിമാ രംഗത്തെ പ്രമുഖ സ്ഥാപനങ്ങനങ്ങളുടെ സാരഥ്യവും അദ്ദേഹം വഹിച്ചിട്ടുണ്ട്. എം.ടിയുടെ തിരക്കഥയാണ് ഹരികുമാറിന്റെ സിനിമാ ജീവിതത്തിന്റെ ഗതി മാറ്റിയത്. മലയാളത്തിന് എക്കാലവും ഓർക്കൻ മികച്ച സിനിമകൾ സമ്മാനിച്ച അദ്ദേഹത്തിന് അദരാഞ്ജലികൾ.

# പീഡന പരാതി; പശ്ചിമ ബംഗാൾ ഗവർണറിനെതിരെ സർക്കാർ സുപ്രിംകോടതിയിലേക്ക്

കൊൽക്കത്ത: പീഡനപരാതിയിലെ അന്വേഷണത്തിൽ പശ്ചിമ ബംഗാൾ ഗവർണർ സഹകരിക്കാത്തതിൽ സർക്കാർ സുപ്രിംകോടതിയെ സമീപിച്ചേക്കും. ഗവർണർക്കുള്ള ഭരണഘടനയുടെ പരിരക്ഷ ദുരുപയോഗം ചെയ്യുന്നുവെന്ന് ബംഗാൾ സർക്കാർ കോടതിയെ ധരിപ്പിക്കും. പീഡനപരാതിയിൽ സഹകരിക്കരുതെന്ന് കഴിഞ്ഞ ദിവസം ഗവർണർ രാജ്ഭവൻ ജീവനക്കാർക്ക് നിർദേശം നൽകിയിരുന്നു.

ഭരണഘടനയുടെ 361ാം അനുഛേദ പ്രകാരം ഗവർണർക്കെതിരെ സർക്കാറുകൾക്ക് ഒരു നടപടിയും സ്വീകരിക്കാനാവില്ല. അതായത് കൊലപാതം നടത്തിയാലും ഗവർണറെ അറസ്റ്റുചെയ്യാനുള്ള അധികാരം സർക്കാറിനില്ല എന്നർത്ഥം. ഈ പ്രത്യേക ആനുകൂല്യം ചൂണ്ടിക്കാട്ടിയാണ് പശ്ചിമ ബംഗാൾ ഗവർണർ സി.വി ആനന്ദബോസ് നടപടിയിൽ നിന്ന് രക്ഷപ്പെടുന്നത്.

പരാതിയുടെ അടിസ്ഥാനത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് സ്വന്തം നിലക്ക് അന്വേഷണം നടത്തുകയാണ് പൊലീസ്. ഗവർണറുടെ നിസ്സഹകരണം കൂടി ചേർത്ത് റിപ്പോർട്ടുണ്ടാക്കി കോടതിയിൽ സമർപ്പിക്കാനാണ് പൊലീസിന്റെ നീക്കം. തെളിവുകളിലൂടെയും യുവതിയുടെ മൊഴിയിലൂടെയും പരാതിയുടെ ഗൗരവം കോടതിയെ ബോധിപ്പിക്കാനാവുമെന്ന് പൊലീസ് കരുതുന്നു.

നിലവിലെ പൊലീസ് നടപടികൾ അവകാശ ലംഘനമാണെന്ന് ചൂണ്ടിക്കാട്ടി ഗവർണർക്കും നിയമനടപടികളിലേക്ക് കടക്കാവുന്നതാണ്. വിഷയം വലിയ ഭരണഘടനാ പ്രശ്നത്തിലേക്ക് നീങ്ങിയാൽ കോടതിക്ക് ഇടപെടേണ്ടിയും വരും. ബംഗാളിൽ ജൂൺ ഒന്നുവരെ വോട്ടെടുപ്പുള്ളതിനാൽ വിഷയം തെരഞ്ഞെടുപ്പ് കഴിയും വരെ കത്തിനിൽക്കുമെന്ന് ഉറപ്പാണ്.

# സിദ്ധാർഥന്റെ മരണത്തിൽ ഹൈക്കോടതിയിൽ പ്രാഥമിക കുറ്റപത്രം ഹാജരാക്കി സി. ബി. ഐ

കൊച്ചി: പൂക്കോട് വെറ്ററിനറി സർവകലാശാല വിദ്യാർഥി സിദ്ധാർഥന്റെ മരണത്തിൽ ഹൈക്കോടതിയിൽ പ്രാഥമിക കുറ്റപത്രം ഹാജരാക്കി സി.ബി.ഐ. കുറ്റപത്രത്തിന്റെ പകർപ്പ് പ്രതികൾക്ക് കൈമാറാൻ കോടതി നിർദേശിച്ചു. പ്രതികളുടെ ജാമ്യാപേക്ഷയിൽ കോടതി വെള്ളിയാഴ്ച വാദം കേൾക്കും.

കോളജ് യൂനിയൻ ചെയർമാൻ അരുൺ ഉൾപ്പെടെ എട്ടു പേരാണു ജാമ്യം തേടി ഹൈക്കോടതിയെ സമീപിച്ചത്. സിദ്ധാർഥൻ നേരിട്ടത് ക്രൂരമായ ആക്രമണമാണെന്നും പ്രതികൾക്കെതിരെയുള്ള ആരോപണങ്ങൾ ഗുരുതരമാണെന്നും സി.ബി.ഐ നേരത്തെ കോടതിയെ അറിയിച്ചിരുന്നു.

എന്നാൽ, ശരിയായ നടപടിക്രമങ്ങൾ പാലിക്കാതെയാണ് കുറ്റപത്രം സമർപ്പിച്ചതെന്നാണു ഹരജിക്കാരുടെ വാദം. 60 ദിവസമായി ജുഡിഷ്യൽ കസ്റ്റഡിയിൽ തുടരുകയാണെന്നും ജാമ്യം നൽകണമെന്നും ഇവർ ആവശ്യപ്പെട്ടിരുന്നു.

# കന്യാകുമാരിയിൽ കടലിൽ കുളിക്കാനിറങ്ങിയ അഞ്ച് മെഡിക്കൽ വിദ്യാർഥികൾ മുങ്ങിമരിച്ചു



ചെന്നൈ: തമിഴ്നാട് കന്യാകുമാരിയിൽ കടലിൽ കുളിക്കാനിറങ്ങിയ അഞ്ച് മെഡിക്കൽ വിദ്യാർഥികൾ മുങ്ങിമരിച്ചു. രണ്ട് പെൺകുട്ടികൾ ഉൾപ്പെടെയുള്ള എംബിബിഎസ് വിദ്യാർഥികളാണ് മരിച്ചത്. തഞ്ചാവൂർ സ്വദേശി ചാരുകവി, നെയ്‌വേലി സ്വദേശി ഗായത്രി, കന്യാകുമാരി സ്വദേശി സർവദർശിത്, ദിണ്ടിഗൽ സ്വദേശി പ്രവീൺ സാം, ആന്ധ്രാപ്രദേശ് സ്വദേശി വെങ്കിടേഷ് എന്നിവരാണ് മരിച്ചത്.

പ്രദേശത്തെ ഒരു വിവാഹ ചടങ്ങിനെത്തിയ ഇവർ നാ?ഗർകോവിൽ ഗണപതിപുരത്തെ ലെമൂർ ബീച്ചിൽ നീന്താനെത്തിയപ്പോഴാണ് അപകടമുണ്ടായത്. സംഘത്തിലുണ്ടായിരുന്ന കരൂർ സ്വദേശിനി നേഷി, തേനി സ്വദേശി പ്രീതി പ്രിയങ്ക, മധുര സ്വദേശി ശരണ്യ എന്നിവരെ രക്ഷപ്പെടുത്തി. ഇവർ ആശാരിപള്ളം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്.

'കടൽക്ഷോഭ മുന്നറിയിപ്പിനെ തുടർന്ന് ബീച്ച് അടച്ചിട്ടിരിക്കുകയായിരുന്നു. എന്നാൽ തെങ്ങിൻ തോപ്പിലൂടെയാണ് സംഘം ബീച്ചിൽ എത്തിയത്. സംഭവത്തിൽ അന്വേഷണം തുടരുകയാണ്'- കന്യാകുമാരി ജില്ലാ പൊലീസ് സൂപ്രണ്ട് ഇ സുന്ദരവതനം പറഞ്ഞു.

തിരുച്ചിറപ്പള്ളിയിലെ എസ്ആർഎം മെഡിക്കൽ കോളജിലെ വിദ്യാർഥികളാണ് മരിച്ചത്. ഞായറാഴ്ച സഹപാഠിയുടെ സഹോദരിയുടെ വിവാഹച്ചടങ്ങിൽ പങ്കെടുക്കാനാണ് കോളജിൽ നിന്നുള്ള വിദ്യാർഥികളുടെ സംഘം എത്തിയത്. ഞായറാഴ്ച ചെന്നൈയിൽ നിന്നുള്ള മൂന്ന് പേർ മറ്റൊരു ബീച്ചിൽ മുങ്ങി മരിച്ചിരുന്നു.

# 'രേവണ്ണ ലൈംഗികാതിക്രമക്കേസിലേക്ക് ദേവഗൗഡയെയും കുമാരസ്വാമിയെയും വലിച്ചിഴയ്ക്കരുത്'; മാധ്യമങ്ങൾക്ക് വിലക്ക്

ബെംഗളൂരു: രേവണ്ണ കുടുംബം ഉൾപ്പെട്ട സെക്സ് ടേപ്പ് കേസിൽ വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിന് മാധ്യമങ്ങൾക്കു വിലക്ക്. കേസുമായി ബന്ധപ്പെട്ട വാർത്തകളിൽ ജെ.ഡി.എസ് നേതാക്കളായ എച്ച്.ഡി ദേവഗൗഡയെയും എച്ച്.ഡി കുമാരസ്വാമിയെയും വലിച്ചിഴയ്ക്കരുതെന്നാണ് കോടതി നിർദേശം. ഇരുവരും നൽകിയ ഹരജിയിൽ ബെംഗളൂരു സിറ്റി സിവിൽ ആൻഡ് സെഷൻസ് കോടതിയുടേതാണ് ഉത്തരവ്.

കേസിലേക്കു തങ്ങളുടെ പേരുകൾ വലിച്ചിഴയ്ക്കരുതെന്ന് ആവശ്യപ്പെട്ടാണ് ദേവഗൗഡയും കുമാരസ്വാമിയും 34-ാമത് സിറ്റിൽ സിവിൽ കോടതിയെ സമീപിച്ചത്. ഒരു കാര്യവുമില്ലാതെ പൊതുജനമധ്യത്തിൽ തങ്ങളുടെ സൽപ്പേരും പ്രതിച്ഛായയും കളങ്കപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് മാധ്യമങ്ങൾ വാർത്ത നൽകുന്നതെന്ന് ഇവർ ആരോപിച്ചു. സമൂഹത്തിൽ ആഴത്തിൽ സ്വാധീനമുള്ള ഏറെ ആദരിക്കപ്പെടുന്ന കുടുംബത്തിൽനിന്നാണു തങ്ങൾ വരുന്നത്. വലിയ രാഷ്ട്രീയ പാരമ്പര്യവും തങ്ങൾക്ക് അവകാശപ്പെടാനുണ്ട്. 70 വർഷത്തോളമായി പൊതുജീവിതം നയിക്കുന്നവരുമാണ്.

82 മാധ്യമസ്ഥാപനങ്ങൾക്കാണ് കോടതി താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. പ്രജ്വൽ രേവണ്ണ കേസിൽ കൃത്യമായ തെളിവുകളില്ലാതെ ദേവഗൗഡയെയും കുമാരസ്വാമിയെയും തെറ്റായി ചിത്രീകരിക്കുന്ന തരത്തിൽ വാർത്തകൾ പ്രസിദ്ധീകരിക്കരുതെന്ന് കോടതി ഉത്തരവിൽ പറയുന്നു. ഇത്രയും കാലത്തിനിടയ്ക്ക് ഇത്തരത്തിലൊരു ആരോപണവും നേരിടേണ്ടി വന്നിട്ടില്ലെന്നും ഇവർ ഹരജിയിൽ വാദിച്ചു.

ടെലിവിഷൻ-അച്ചടി മാധ്യമങ്ങൾക്കു പുറമെ ഫേസ്ബുക്ക്, ടിറ്റർ, ഇൻസ്റ്റഗ്രാം ഉൾപ്പെടെയുള്ള സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾക്കും നിയന്ത്രണമുണ്ട്. അതേസമയം, വസ്തുതതങ്ങൾക്കൊപ്പമാണെന്നും കൃത്യമായ തെളിവുകളുണ്ടെന്നും മാധ്യമങ്ങൾക്കും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾക്കും ഉറപ്പുണ്ടെങ്കിൽ വാർത്തയുമായി മുന്നോട്ടുപോകാമെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്.



ലൈംഗികാതിക്രമക്കേസിൽ ദേവഗൗഡയുടെ മകൻ എച്ച്.ഡി രേവണ്ണയെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം(എസ്.ഐ.ടി) അറസ്റ്റ് ചെയ്തിട്ടുണ്ട്. ലൈംഗിക പീഡനക്കേസിൽ ഇരകളെ തട്ടിക്കൊണ്ടുപോയ കേസിലാണു നടപടി. പിതാവ് ദേവഗൗഡയുടെ വീട്ടിൽനിന്നു പിടിയിലായ രേവണ്ണയെ മൂന്നു ദിവസത്ത എസ്.ഐ.ടി കസ്റ്റഡിയിൽ വിട്ടിട്ടുണ്ട്. കേസ് രാഷ്ട്രീയപ്രേരിതമാണെന്നാണ് രേവണ്ണയുടെ ആദ്യ പ്രതികരണം. മൂന്നു നാലു വർഷം പഴക്കമുള്ള വിഡിയോ ആണ് ഇപ്പോൾ ഉയർത്തിക്കൊണ്ടുവന്നിരിക്കുന്നത്. ഇതുകൊണ്ടൊന്നും തങ്ങളെ തളർത്താനാകില്ല. കുടുംബത്തിനുനേരെയുള്ള ഗൂഢാലോചനയാണിത്. ഏപ്രിൽ 28ന് തന്നെ ലൈംഗിക പീഡനക്കേസിൽ അറസ്റ്റ് ചെയ്യാൻ നോക്കിയെങ്കിലും ഒരു തെളിവും കണ്ടെത്താനായിട്ടില്ല. ഇതേ തുടർന്നാണു പുതിയ തട്ടിപ്പ് കേസുമായി വന്ന് അറസ്റ്റ് ചെയ്തിരിക്കുന്നതെന്നും രേവണ്ണ ആരോപിച്ചു.

കേസിൽ എസ്.ഐ.ടി അന്വേഷണം ആരംഭിച്ചതിനു പിന്നാലെ ജർമനിയിലേക്കു കടന്ന മുഖ്യപ്രതി പ്രജ്വൽ രേവണ്ണയ്ക്കെതിരെ കർണാടക പൊലീസ് ബ്ലൂ കോർണർ നോട്ടിസ് പുറത്തിറക്കിയിട്ടുണ്ട്. ജെ.ഡി.എസ് എം.പിയും ഹാസനിൽ നിന്നുള്ള എൻ.ഡി.എ സ്ഥാനാർഥിയും കൂടിയായ പ്രജ്വലിനെ നാട്ടിലെത്തിക്കാനായി ഇന്റർപോളിന്റെ സഹായം തേടിയതായി കർണാടക ആഭ്യന്തര മന്ത്രി ജി. പരമേശ്വര പറഞ്ഞു. കർണാടകയിൽ വോട്ടെടുപ്പ് പൂർത്തിയായാൽ ഇയാൾ നാട്ടിലെത്തി പൊലീസിൽ കീഴടങ്ങുമെന്നും റിപ്പോർട്ട് വരുന്നുണ്ട്.

# 'മുസ്‌ലിംകൾ സംവരണത്തിന് അർഹരല്ലേ?'; ബി. ജെ. പി ഭരണഘടനയെ ഇല്ലാതാക്കാൻ ശ്രമിക്കുന്നുവെന്ന് ലാലു

പട്ന: സംവരണ ആനുകൂല്യങ്ങൾ മുസ്‌ലിംകൾക്ക് കൂടി ലഭ്യമാക്കണമെന്ന് ആർ.ജെ.ഡി അധ്യക്ഷൻ ലാലു പ്രസാദ് യാദവ്. ഭരണഘടനയെയും ജനാധിപത്യത്തെയും ഇല്ലാതാക്കാനാണ് ഭരണകക്ഷിയായ ബി.ജെ.പി ശ്രമിക്കുന്നതെന്നും ലാലു ആരോപിച്ചു. ഭരണഘടന പറയുന്ന സംവരണത്തിന് ബി.ജെ.പി എതിരാണ്. അതുകൊണ്ട് രണ്ടും ഇല്ലാതാക്കാനാണ് അവരുടെ നീക്കമെന്ന് ലാലു പറഞ്ഞു.

ആരോഗ്യപ്രശ്നങ്ങൾ മൂലം ഏറെനാളായി ലാലു വീട്ടിൽ വിശ്രമത്തിലാണ്. ഭാര്യ റാബ്റി ദേവി എം.എൽ.സിയായി സത്യപ്രതിജ്ഞ ചെയ്യുന്ന ചടങ്ങിന് എത്തിയപ്പോഴാണ് അദ്ദേഹം മാധ്യമപ്രവർത്തകരോട് പ്രതികരിച്ചത്. ഈ വർഷം ആദ്യത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ 11 പേർ എം.എൽ.സിയിലേക്ക് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

ഇത്തവണ 400 സീറ്റ് നേടുമെന്ന മോദിയുടെ അവകാശവാദത്തെ ലാലു പരിഹസിച്ചു. ഇത്തവണ അവർക്ക് പുറത്തുപോകേണ്ടിവരുമെന്നും തെരഞ്ഞെടുപ്പ് ഫലം ഇൻഡ്യാ സഖ്യത്തിന് അനുകൂലമാകുമെന്നും ലാലു പറഞ്ഞു. ജംഗിൾ രാജ് പോലുള്ള ആരോപണങ്ങൾ ഉയർത്തി ഭയപ്പെടുത്താനാണ് ബി.ജെ.പി ശ്രമിക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു.

# അധികാരത്തിലെത്തിയാൽ സംവരണം 50 ശതമാനത്തിനു മുകളിലേക്ക് ഉയർത്തും; രാഹുൽ ഗാന്ധി

ഡൽഹി: കേന്ദ്രത്തിൽ അധികാരത്തിലെത്തിയാൽ സംവരണത്തിന്റെ 50 ശതമാനം പരിധി എന്നത് എടുത്തുകളയുമെന്നും സംവരണം 50 ശതമാനത്തിനു മുകളിലേക്ക് ഉയർത്തുമെന്നും കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. ജനങ്ങളുടെ താൽപര്യം മുൻനിർത്തിയാണ് കോൺഗ്രസ് ഈ വാഗ്ദാനം നൽകുന്നതെന്നും രാഹുൽ പറഞ്ഞു.

"സംവരണം തട്ടിയെടുക്കുന്നതിനെകുറിച്ചും അവസാനിപ്പിക്കുന്നതിനെകുറിച്ചും ചിലർ നടത്തുന്ന സംസാരം അവസാനിപ്പിക്കണം. ഞങ്ങൾ അത് 50 ശതമാനത്തിന് മുകളിൽ ഉയർത്താൻ പോകുകയാണ് " മധ്യപ്രദേശിലെ രത്‌ലാമിൽ നടന്ന തെരഞ്ഞെടുപ്പ് റാലിയിൽ അദ്ദേഹം പറഞ്ഞു. ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപി നയിക്കുന്ന എൻഡിഎയ്ക്ക് 150 സീറ്റുകൾ പോലും ലഭിക്കില്ലെന്നും രാഹുൽ ഗാന്ധി അവകാശപ്പെട്ടു.



"ബിജെപി നേതാക്കൾ ഭരണഘടന മാറ്റുമെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. 'അബ്കി ബാർ, 400 പാർ' എന്ന മുദ്രാവാക്യമാണ് അവർ ഉയർത്തിക്കാട്ടുന്നത്. 400 പോയിട്ട് അവർക്ക് 150 സീറ്റ് പോലും ലഭിക്കില്ല. ബി.ജെ.പിയും ആർ.എസ്.എസും പൊളിച്ചെഴുതാനും മാറ്റാനും വലിച്ചെറിയാനും ആഗ്രഹിക്കുന്ന ഭരണഘടനയെ രക്ഷിക്കാനുള്ളതാണ് ഈ ലോക്സഭാ തെരഞ്ഞെടുപ്പ്," അദ്ദേഹം പറഞ്ഞു.

"പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കാൻ ആഗ്രഹിക്കുന്നു, കോൺഗ്രസും ഇന്ത്യൻ സഖ്യവും ഭരണഘടനയെ സംരക്ഷിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഗോത്രവർഗക്കാർക്കും ദലിതർക്കും ഒബിസികൾക്കും നൽകുന്ന സംവരണം തട്ടിയെടുക്കുമെന്ന് അവരുടെ നേതാക്കൾ പറഞ്ഞിട്ടുണ്ട്," രാഹുൽ പറഞ്ഞു.അധികാരത്തിലെത്തിയാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം 250ൽ നിന്ന് 400 രൂപയായി ഉയർത്തുമെന്ന് കോൺഗ്രസ് നേതാവ് പറഞ്ഞു. കഴിഞ്ഞ മാസം കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയും മിനിമം വേതനം ഉയർത്തുമെന്ന് വാഗ്ദാനം ചെയ്തിരുന്നു.

# വളർത്തുമൃഗങ്ങളുമായി പുറത്തിറങ്ങുന്നവർക്ക് നിയന്ത്രണങ്ങളേർപ്പെടുത്തി ചെന്നൈ കോർപ്പറേഷൻ

ചെന്നൈ: വളർത്തുമൃഗങ്ങളുമായി പുറത്തിറങ്ങുന്നവർക്ക് നിയന്ത്രണങ്ങളേർപ്പെടുത്തി ചെന്നൈ കോർപ്പറേഷൻ. അടുത്തിടെ നഗരത്തിലെ പാർക്കിൽ വെച്ച് അഞ്ചു വയസുകാരിയെ റോട്ട് വീലർ നായ്ക്കൾ അക്രമിച്ചതിനെ തുടർന്നാണ് നടപടി. ഗ്രേറ്റർ ചെന്നൈ കോർപ്പറേഷൻ പരിധിയിലെ പൊതുഇടങ്ങളിലും പാർക്കുകളിലും വളർത്തുമൃഗങ്ങളുമായി പ്രത്യേകിച്ച് നായ്ക്കളുമായി പ്രവേശിക്കുന്നതിനാണ് നിയന്ത്രണം. പുതുക്കിയ നിയമങ്ങൾ അനുസരിച്ച് പാർക്കിനുള്ളിൽ വളർത്തുമൃഗങ്ങളുമായെത്തുമ്പോൾ അവയെ കെട്ടിയിടണം. ഒരാൾ ഒരേ സമയം ഒരു വളർത്തുമൃഗത്തെ മാത്രമേ പാർക്കിലേക്ക് കൊണ്ടുവരാവൂ. പെറ്റ് ലൈസൻസും നിർബന്ധമാക്കിയിട്ടുണ്ടെന്ന് ചെന്നൈ കോർപ്പറേഷൻ അറിയിപ്പിൽ പറയുന്നു. കുട്ടികൾ കളിക്കുന്നയഞായറാഴ്ചയാണ് ചെന്നൈയിലെ തൗസൻഡ് ലൈറ്റ്സ് ഏരിയയിലെ പൊതു പാർക്കിൽ അഞ്ചുവയസ്സുകാരിയെ രണ്ട് റോട്ട് വീലർ നായ്ക്കൾ ആക്രമിച്ചത്.

# ടി 20 ലോകകപ്പ് ആതിഥേയരായ വെസ്റ്റിൻഡീസിന് ഭീകരാക്രമണ ഭീഷണി

ന്യൂഡൽഹി: ടി 20 ലോകകപ്പ് ആരംഭിക്കാൻ ദിവസങ്ങൾ മാത്രം ശേഷിക്കെ, ടൂർണമെന്റിന്റെ ആതിഥേയരായ വെസ്റ്റിൻഡീസിന് ഭീകരാക്രമണ ഭീഷണി. വടക്കൻ പാകിസ്ഥാനിൽ നിന്നാണ് ഭീഷണി സന്ദേശം ലഭിച്ചിട്ടുള്ളത്. ഭീഷണി സന്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വെസ്റ്റിൻഡീസിൽ ജനങ്ങൾക്ക് ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

വടക്കൻ പാകിസ്ഥാനിൽ നിന്നാണ് ഭീഷണി സന്ദേശം ലഭിച്ചിട്ടുള്ളത്. ഐഎസ് ഖൊരസാൻ എന്ന ഐഎസ് അനുകൂല സംഘടനയാണ് ഭീഷണിക്ക് പിന്നിലെന്നാണ് റിപ്പോർട്ടുകൾ.

കായികമത്സരങ്ങൾക്കെതിരെ ആക്രമണത്തിന് പിന്തുണയ്ക്കാൻ ഭീകരസംഘടനകളോട് വീഡിയോ സന്ദേശത്തിൽ ഐഎസ് ഖൊരസാൻ ആവശ്യപ്പെടുന്നതായും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ബന്ധപ്പെട്ട അധികൃതരുമായി ആശയവിനിമയം നടത്തിവരികയും ചെയ്യുകയാണെന്ന് വിൻഡീസ് ക്രിക്കറ്റ് ബോർഡ് അറിയിച്ചു. വെസ്റ്റിൻഡീസ്, അമേരിക്ക എന്നിവിടങ്ങളിലായിട്ടാണ് ടി 20 ലോകകപ്പ് നടക്കുന്നത്. രണ്ടു സെമിഫൈനലുകൾ ട്രിനിഡാഡ്, ഗയാന എന്നിവിടങ്ങളിലും ഫൈനൽ ബാർബഡോസിലുമാണ് നിശ്ചയിച്ചിട്ടുള്ളത്.

# വാംഖഡെയിൽ സൂര്യോദയം; മുംബൈക്ക് ഏഴുവിക്കറ്റ് ജയം



മുംബൈ: വാംഖഡെയിൽ സ്വതസിദ്ധമായ ശൈലിയിൽ സൂര്യകുമാർ യാദവ് നിറഞ്ഞാടിയതോടെ (51 പന്തിൽ 102) സൺറൈസേഴ്സ് ഹൈദരാബാദിനെതിരെ മുംബൈക്ക് 7 വിക്കറ്റിന്റെ അനായാസ ജയം. ഹൈദരാബാദ് ഉയർത്തിയ 173 റൺസ് പിന്തുടർന്ന മുംബൈക്ക് 31 റൺസിനിടെ 3 വിക്കറ്റുകൾ നഷ്ടമായെങ്കിലും തിലക് വർമയെ കൂട്ടുപിടിച്ച് സൂര്യകുമാർ കത്തിജ്വലിക്കുകയായിരുന്നു. 12 ബൗണ്ടറികളും ആറു സിക്സറുകളുമാണ് ആ ബാറ്റിൽ നിന്നും പിറന്നത്. 32 പന്തിൽ 37 റൺസുമായി തിലക് വർമ സൂര്യകുമാറിനൊപ്പം ഉറച്ചുനിന്നു. 12 പോയന്റുമായി സൺറൈസേഴ്സ് നാലാംസ്ഥാനത്ത് തന്നെ തുടരുമ്പോൾ എട്ടുപോയന്റുമായി മുംബൈ ഒൻപതാംസ്ഥാനത്തേക്ക് കയറി.

ആദ്യം ബാറ്റുചെയ്ത ഹൈദരാബാദ് ട്രാവിസ് ഹെഡ് (48), പാറ്റ് കമ്മിൻസ് (35) എന്നിവരുടെ കരുത്തിലാണ് പൊരുതാവുന്ന സ്കോറുയർത്തിയത്. 31 റൺസ് വഴങ്ങി മൂന്നുവിക്കറ്റെടുത്ത ഹാർദിക് പാണ്ഡ്യയും 33 റൺസിന് 3 വിക്കറ്റെടുത്ത പിയൂഷ് ചൗളയും മുംബൈക്കായി തിളങ്ങി. അഭിഷേക് ശർമ (11), നിതീഷ് റെഡ്ഡി (20), ഹെന്റിക് ക്ലാസൻ (2), മാർക്കോ ജാൻസൺ (17), അബ്ദുൾ സമദ് (3), ഷഹ്ബാദ് അഹ്മദ് (10) എന്നിങ്ങനെയാണ് മറ്റുള്ളവരുടെ സ്കോറുകൾ.

മറുപടി ബാറ്റിങ്ങിൽ മുംബൈയുടെ തുടക്കം തകർച്ചയോടെയായിരുന്നു. ഇഷാൻ കിഷൻ 9 റൺസുമായും രോഹിത് ശർമ 4 റൺസുമായും നമൻ ധിർ റണ്ണൊന്നുമെടുക്കാതെയുമാണ് മടങ്ങിയത്.

എന്നാൽ സൂര്യയും തിലകും ചേർന്നതോടെ ഹൈദരാബാദിന് മത്സരത്തിലേക്ക് ഒരിക്കലും തിരിച്ചുവരാനായില്ല. 3 ഓവറിൽ 45 റൺസ് വഴങ്ങിയ മാർക്കോ ജാൻസണാണ് ഹൈദരാബാദ് ബൗളർമാരിൽ ഏറ്റവുമധികം തല്ലുവാങ്ങിയത്.

# ബ്രാണ്ടൺ ഫെർണാണ്ടസ് ഇനി മുംബൈ സിറ്റിയിൽ



എഫ്സി ഗോവയുടെ ക്യാപ്റ്റൻ ആയ ബ്രാണ്ടൺ ഫെർണാണ്ടസിനെ മുംബൈ സിറ്റി സ്വന്തമാക്കും. അടുത്ത സീസണ് മുന്നോടിയായി ഫ്രീ ട്രാൻസ്ഫറിൽ ആണ് ബ്രാണ്ടണെ മുംബൈ സിറ്റി സ്വന്തമാക്കുന്നത്. ഈ സീസണോടെ ബ്രാണ്ടന്റെ ഗോവയിലെ കരാർ അവസാനിക്കുകയാണ്. മുമ്പ് ഐ എസ് എല്ലിന്റെ 2015 സീസണിൽ ബ്രാണ്ടൻ മുംബൈ സിറ്റിക്ക് ആയി കളിച്ചിരുന്നു.

2017-18 സീസൺ മുതൽ ബ്രാൻഡൺ എഫ് സി ഗോവയ്ക്ക് ഒപ്പം ഉണ്ട് ഗോവയ്ക്കായി 120ൽ അധികം മത്സരങ്ങൾ ഐ എസ് എല്ലിൽ കളിച്ചു. 16 ഗോളുകളും 29 അസിസ്റ്റും ബ്രാണ്ടൺ സംഭാവന ചെയ്തിട്ടുണ്ട്.

2019ൽ ഹീറോ സൂപ്പർ കപ്പ്, 2019-20-ലെ ഹീറോ ഐഎസ് എൽ ലീഗ് വിന്നേഴ്സ് ഷീൽഡ്, 2021ൽ ഡ്യൂറൻഡ് കപ്പ് എന്നീ കിരീടങ്ങൾ ബ്രണ്ടൺ ഗോവക്ക് ഒപ്പം നേടിയിട്ടുണ്ട്.



# ദയനീയം ക്രിസ്റ്റൽ പാലസിനു മുന്നിൽ നാണംകെട്ട് മാഞ്ചസ്റ്റർ യുണൈറ്റഡ്

മാഞ്ചസ്റ്റർ യുണൈറ്റഡ് അവരുടെ ചരിത്രത്തിലെ തന്നെ ഏറ്റവും മോശം കാലഘട്ടത്തിലൂടെയാണ് കടന്നു പോകുന്നത്. ഇരോ ദിവസം ഇതിനേക്കാൾ മോശം എന്തു സംഭവിക്കാനാണ് എന്ന് ചിന്തിക്കുന്ന യുണൈറ്റഡ് ആരാധകരെ വീണ്ടും താഴോട്ടേക്ക് വലിച്ച് യുണൈറ്റഡ് ഒരു വലിയ പരാജയം കൂടെ വഴങ്ങിയിരിക്കുകയാണ്. ഇന്ന് ലണ്ടണിൽ ക്രിസ്റ്റൽ പാലസിന് എതിരെ ഇറങ്ങിയ മാഞ്ചസ്റ്റർ യുണൈറ്റഡ് എതിരില്ലാത്ത നാലു ഗോളുകൾക്ക് ആണ് പരാജയപ്പെട്ടത്.

പരിക്ക് കാരണം പ്രമുഖരില്ല എന്ന വാദം ടെൻ ഹാഗിന്റെ കയ്യിൽ ഉണ്ടാകുമെങ്കിലും കളിക്കുന്നത് 11 പേർ തമ്മിൽ തന്നെയാണെന്നത് യുണൈറ്റഡിന് നിഷേധിക്കാൻ ആകില്ല. ഇന്ന് ഒരു ഘട്ടത്തിൽ പോലും യുണൈറ്റഡ് കളിയിൽ ഉള്ളതായി തോന്നിപ്പിച്ചില്ല. തുടക്കം മുതൽ പാലസിന്റെ മികച്ച പ്രകടനമാണ് കണ്ടത്. ഒനാനയുടെ മികവ് ഒന്ന് കൊണ്ട് മാത്രം ഗോൾ എണ്ണം കുറഞ്ഞു.

12ആം മിനുട്ടിൽ കസെമിറോയെ നിലത്തു വീഴ്ത്തിയ മുന്നേറ്റത്തിന് ഒടുവിൽ ഒലിസെ ആണ് പാലസിനായി ആദ്യ ഗോൾ നേടിയത്. 40ആം മിനുട്ടിൽ ഒരു ഗംഭീര ഫിനിഷിലൂടെ മറ്റേറ്റ പാലസിന്റെ ലീഡ് ഇരട്ടിയാക്കി.

മിച്ചൽ ആണ് 58ആം മിനുട്ടിൽ മൂന്നാം ഗോൾ നേടിയത്. 66ആം മിനുട്ടിൽ ഒലിസെ തന്റെ രണ്ടാം ഗോൾ കൂടെ കണ്ടെത്തിയതോടെ യുണൈറ്റഡ് കളി കൈവിട്ടു. പ്രീമിയർ ലീഗിൽ അവസാന 7 മത്സരങ്ങളിൽ യുണൈറ്റഡ് ആകെ ഒരു മത്സരം ആണ് വിജയിച്ചത്. 54 പോയിന്റുമായി യുണൈറ്റഡ് ഇപ്പോൾ എട്ടാം സ്ഥാനത്താണ് ഉള്ളത്. യുണൈറ്റഡിന്റെ യൂറോപ്യൻ പ്രതീക്ഷകൾ കൂടെ ആണ് ഈ പരാജയത്തോടെ അസ്തമിക്കുന്നത്.

# സഞ്ജുവിന്റെ രാജസ്ഥാൻ ഇന്ന് ഡെൽഹിക്ക് എതിരെ

ഇന്ത്യൻ പ്രീമിയർ ലീഗിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ സഞ്ജുവിന്റെ രാജസ്ഥാൻ റോയൽസ് ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ഡൽഹിയിൽ വച്ചാണ് മത്സരം നടക്കുന്നത്. റൺ ഒഴുകുന്ന പിച്ചായ ഡൽഹിയിൽ ഇന്ന് ഇരു ടീമുകളും വലിയ സ്കോറുകൾ തന്നെ നേടുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഒന്നാം സ്ഥാനം നഷ്ടപ്പെട്ട രാജസ്ഥാൻ റോയൽസ് ഇന്ന് വിജയിച്ച് ഒന്നാം സ്ഥാനം തിരികെ പിടിക്കാനാവും ശ്രമിക്കുക. ഇന്ന് ഒരു വിജയം കൂടെ നേടിയാൽ രാജസ്ഥാന് പ്ലേ ഓഫ് ഉറപ്പിക്കാനും ആകും.

ഇപ്പോൾ പത്തു മത്സരങ്ങളിൽ നിന്ന് എട്ട് വിജയവുമായി 16 പോയിന്റുമായി രണ്ടാം സ്ഥാനത്താണ് രാജസ്ഥാൻ റോയൽസ് നിൽക്കുന്നത്. ഡൽഹി ക്യാപിറ്റൽസ് പത്തു പോയിന്റുമായി ആറാം സ്ഥാനത്താണുള്ളത്. അവർക്ക് ഇന്ന് വിജയം നിർബന്ധമാണ്. ഇന്ന് വിജയിച്ചിട്ടില്ലെങ്കിൽ അവരുടെ പ്ലേ ഓഫ് സാധ്യതകൾ മങ്ങും.



സീസൺ തുടക്കത്തിൽ രാജസ്ഥാനും ഡൽഹി ക്യാപിറ്റൽസും ജയ്പൂരിൽ വെച്ച് ഏറ്റുമുട്ടിയപ്പോൾ രാജസ്ഥാൻ റോയൽസ് വിജയിച്ചിരുന്നു. ആ വിജയം ആവർത്തിക്കുകയാവും സഞ്ജുവിന്റെയും ലക്ഷ്യം.

ഇന്ന് രാത്രി 7.30ന് നടക്കുന്ന മത്സരം തൽസമയം ജിയോ സിനിമയിൽ കാണാം.

# യുകെയിലെ ഏറ്റവും ഭാരം കൂടിയ വ്യക്തി അന്തരിച്ചു

ബ്രിട്ടനിലെ ഏറ്റവും ഭാരം കൂടിയ വ്യക്തികളിൽ ഒരാളായ ജേസൺ ഹോൾട്ടൺ അന്തരിച്ചു. മരിക്കുമ്പോൾ അദ്ദേഹത്തിന് 317 കിലോയാണ് ഉണ്ടായിരുന്നത്. 34-ാം പിറന്നാളിന് ഒരാഴ്ച മുൻപാണ് അദ്ദേഹത്തിന്റെ അന്ത്യം. അവയവങ്ങളുടെ തകരാറും അമിതവണ്ണവുമാണ് മരണകാരണമെന്ന് ഡോക്ടർമാർ അറിയിച്ചു.

ജേസണിന്റെ വൃക്കകളാണ് ആദ്യം തകരാറിലായത്. അച്ഛന്റെ മരണത്തെ തുടർന്നുള്ള വിഷമം മറികടക്കുന്നതിന് കൗമാരം മുതലാണ് ജേസൺ അമിതമായി ഭക്ഷണം കഴിക്കാൻ ആരംഭിച്ചത്. 10,000 കലോറിയാണ് ജേസൺ ഒരു ദിവസം മാത്രം കഴിച്ചിരുന്നത്. അഗ്നിരക്ഷാ സേനയുടെ സഹായത്തോടെയാണ് ജേസണിനെ റോയൽ സറേ കൗണ്ടി ആശുപത്രിയിൽ ചികിത്സക്കെത്തിച്ചത്.

ജേസൺ അവസാന നാളുകളിൽ പ്രത്യേകം തയ്യാറാക്കിയ ഫർണീച്ചറുകളോടു കൂടിയ മുറിയിലാണ് കഴിഞ്ഞിരുന്നത്. അദ്ദേഹത്തിന്റെ ആരോ?ഗ്യം വളരെ പെട്ടന്ന് മോശമാവുകയും ചലനശേഷി നഷ്ടപ്പെട്ട് പൂർണമായും കിടപ്പിലാവുകയും ചെയ്തിരുന്നു. ശ്വാസതടസ്സവും നേരിട്ടിരുന്നു. മകൻ ഒരാഴ്ച കൂടിയെ ജീവിച്ചിരിക്കൂ എന്ന് ഡോക്ടർമാർ അറിയിച്ചിരുന്നു. എന്നാലും അവർ അവന്റെ ജീവൻ രക്ഷിക്കുമെന്ന് താൻ പ്രതീക്ഷിച്ചിരുന്നുവെന്നും നിർഭാ?ഗ്യവശാൽ അതിന് സാധിച്ചില്ലെന്നും അമ്മ ലെയ്സ പറഞ്ഞു.

കഴിഞ്ഞ വർഷം ഒരു സ്വകാര്യ ചാനലിന് നൽകിയ അഭിമുഖത്തിൽ തന്റെ സമയം അവസാനിക്കാറായെന്നും എന്തെങ്കിലും പുതിയതായി പരീക്ഷിക്കണമെന്ന് ആഗ്രഹമുണ്ടെന്നും ജേസൺ പറഞ്ഞിരുന്നു. നാലുവർഷം മുൻപ ് ഒരിക്കൽ ജേസൺ മൂന്നാം നിലയിലുള്ള തന്റെ ഫ്ലാറ്റിൽ കുഴഞ്ഞു വീണപ്പോൾ തന്നെ രക്ഷിക്കാൻ 30 അഗ്നിരക്ഷാ സേനയും ഒരു ക്രെയിനും ആവശ്യമായി വന്നുവെന്നും അതാണ് തന്റെ ജീവിതത്തിലെ ഏറ്റവും മോശമായ സമയമെന്നും അദ്ദേഹം അഭിമുഖത്തിൽ പറഞ്ഞിരുന്നു.

രണ്ട് വർഷത്തിന് ശേഷം ഹോൾട്ടന് നിരവധി ചെറിയ സ്ട്രോക്കുകൾ അനുഭവപ്പെട്ടിരുന്നു. ബ്രിട്ടനിലെ ഏറ്റവും ഭാരമേറിയ ആളെന്ന റെക്കോർഡ് ജേസൺ ഹോൾട്ടന് മുമ്പ് 2015ൽ കാൾ തോംസണിന്റെ പേരിലായിരുന്നു. 412 കിലോയാണ് തോംസണിന്റെ ഭാരം.



# അരങ്ങേറ്റം ഗംഭീരമാക്കി മലയാളി താരം ആശ ശോഭന; ബംഗ്ലാദേശിനെ തകർത്ത് ഇന്ത്യ

ധാക്ക: ബംഗ്ലദേശിനെതിരായ നാലാം ട്വന്റി 20യിൽ ഇന്ത്യക്ക് തകർപ്പൻ ജയം. മഴ മൂലം 14 ഓവറാക്കി ചുരുക്കിയ മത്സരത്തിൽ ഇന്ത്യയുടെ ജയം 56 റൺസിന്. പരമ്പരയിൽ ആദ്യമായി അവസരം ലഭിച്ച മലയാളി താരം ആശ ശോഭന മൂന്നോവറിൽ 18 റൺസ് മാത്രം വിട്ടുനൽകി രണ്ടുവിക്കറ്റുകളുമെടുത്തു. തിരുവനന്തപുരം സ്വദേശിയായ ആശ വനിത ഐ.പി.എല്ലിൽ കിരീടം നേടിയ റോയൽ ചാലഞ്ചേഴ്സ് ബെംഗളൂരു ടീമംഗമായിരുന്നു. വയനാട് സ്വദേശിനിയായ എസ്. സജനയും മത്സരത്തിൽ അരങ്ങേറ്റം കുറിച്ചു. അഞ്ചുപന്തിൽ എട്ടുറൺസുമായി സജന മത്സരത്തിൽ പുറത്താകാതെ നിന്നു.

ആദ്യം ബാറ്റു ചെയ്ത ഇന്ത്യക്കായി 39 റൺസെടുത്ത ഹർമൻ പ്രീത് കൗർ, 24 റൺസെടുത്ത റിച്ച ഘോഷ്, 22റൺസ് വീതമെടുത്ത ഹേമലത, സ്മൃതി മന്ദാന എന്നിവർ തിളങ്ങിയപ്പോൾ 14 ഓവറിൽ കുറിച്ചത് 122 റൺസ്.

ഡക്ക് വർത്ത് ലൂയിസ് നിയമപ്രകാരം 125 റൺസായി പുനർനിശ്ചയിച്ച വിജയലക്ഷ്യത്തിലേക്ക് ബാറ്റുവീശിയ ബംഗ്ലാദേശിന് 7 വിക്കറ്റ് നഷ്ടത്തിൽ 68 റൺസെടുക്കാനേ ആയുള്ളൂ.

രണ്ടുവിക്കറ്റുകൾ വീഴ്ത്തിയ ദീപ്തി ശർമ, ആശ ശോഭന, ഓരോ വിക്കറ്റുകൾ വീഴ്ത്തിയ പൂജ വസ്ത്രാകർ, രാധ യാദവ് എന്നിവരെ അതിജീവിക്കാൻ ബംഗ്ലാദേശിനായില്ല. അഞ്ചുമത്സരങ്ങളടങ്ങിയ പരമ്പരയിലെ ഇന്ത്യയുടെ നാലാം ജയമാണിത്. അഞ്ചാം മത്സരം മെയ് 9ന് നടക്കും.

# പ്ലേഓഫിലെ വാക്കൗട്ട് വിവാദം: ഇവാന് ബ്ലാസ്റ്റേഴ്സ് ഒരു കോടി പിഴ ചുമത്തിയെന്ന് റിപ്പോർട്ട്



കൊച്ചി: മുൻ പരിശീലകൻ ഇവാൻ വുകുമനോവിച്ചിന് കേരള ബ്ലാസ്റ്റേഴ്സ് പിഴ ചുമത്തിയതായി റിപ്പോർട്ട്. ഒരു കോടി രൂപയാണ് ക്ലബ് വിട്ട ഇവാന് മാനേജ്മെന്റ് പിഴ ചുമത്തിയിരുന്നത്. കഴിഞ്ഞ സീസണിൽ ബെംഗളൂരുവിനെതിരായ പ്ലേ ഓഫ് മത്സരത്തിലെ ഇറങ്ങിപ്പോകൽ വിവാദത്തിലാണു നടപടി. കോർട്ട് ഓഫ് ആർബിട്രേഷനു നൽകിയ അപ്പീലിലാണ് പിഴ ചുമത്തിയ വിവരമുള്ളത്.

കഴിഞ്ഞ സീസണിലെ പ്ലേ ഓഫിൽ റഫറിയുടെ വിവാദ തീരുമാനത്തിനു പിന്നാലെ ബെഗളൂരുവിനെതിരായ മത്സരം ബഹിഷ്കരിച്ച് കോച്ചും ടീമും വാക്കൗട്ട് നടത്തിയതിന് ബ്ലാസ്റ്റേഴ്സിനു വലിയ പിഴ ഒടുക്കേണ്ടി വന്നിരുന്നു. ടീമിന് നാലു കോടിയാണ് എ.ഐ.എഫ്.എഫ് പിഴ ചുമത്തിയിരുന്നത്.

ഇവാന് പത്ത് മത്സരങ്ങളിൽ വിലക്കിനൊപ്പം അഞ്ചു ലക്ഷം രൂപ പിഴയും വിധിച്ചിരുന്നു. സാധാരണ ടീമിനുള്ള പിഴ ക്ലബ് ഉടമകളാണു വഹിക്കാറുള്ളത്. എന്നാൽ, ഇവാന്റെ ഭാഗത്തു നിന്നു വീഴ്ചയുണ്ടായെന്നു ചൂണ്ടിക്കാട്ടിയാണ് അദ്ദേഹത്തിൽനിന്ന് ഒരു കോടി രൂപ ഈടാക്കിയതെന്നാണു പുറത്തുവരുന്ന വിവരം.

കഴിഞ്ഞ ഏപ്രിൽ 26നാണ് ബ്ലാസ്റ്റേഴ്സുമായി വേർപിരിഞ്ഞെന്ന് ഇവാൻ പ്രഖ്യാപിച്ചത്. മൂന്ന് സീസണിൽ ടീമിനെ മികച്ച നിലയിലെത്തിച്ച ശേഷമായിരുന്നു ക്ലബ് വിട്ടത്. ഇവാൻ പരിശീലിപ്പിച്ച മൂന്നു തവണയും ബ്ലാസ്റ്റേഴ്സ് പ്ലേഓഫിലെത്തിയിരുന്നു. 2021ലാണ് അദ്ദേഹം ക്ലബിനൊപ്പം ചേർന്നത്.

# സംസ്ഥാനത്ത് 4–ാം ദിനവും ഡ്രൈവിംഗ് ടെസ്റ്റ് മുടങ്ങി

തിരുവനന്തപുരം: സംസ്ഥാനത്ത് തുടർച്ചയായി നാലാം ദിനവും ഡ്രൈവിംഗ് ടെസ്റ്റ് മുടങ്ങി. സംയുക്ത സമരസമിതിയുടെ പ്രതിഷേധത്തെ തുടർന്നാണ് പരീക്ഷ തടസ്സപ്പെട്ടത്. സ്വന്തം വാഹനവുമായ ടെസ്റ്റിനെത്തിയവർക്കെതിരെയും പ്രതിഷേധമുണ്ടായി. സമരത്തിൽ നിന്നും പിന്മാറിയ സിഐടിയുവിനെതിരെ സമരസമിതി രംഗത്തെത്തി. സമരത്തിൽ സിഐടിയുവിന്റേത് ഇരട്ട നിലപാടാണെന്നാണ് ഐഎൻടിയുസിയുടെ വിമർശനം. ഒരുമിച്ച് സമരം നടത്തേണ്ടവർ സർക്കാരിനൊപ്പം നിൽക്കുകയാണ്. സിഐടിയുവിനെ മാത്രം സർക്കാർ എങ്ങനെ ചർച്ചക്ക് വിളിക്കുമെന്ന് ഐഎൻടിയുസി നേതൃത്വം ചോദിച്ചു. പ്രശ്നം രൂക്ഷമായി തുടരുമ്പോൾ ഗതാഗതമന്ത്രി വിദേശത്തുമാണ്.

സമരം തുടർന്നാൽ പൊലീസ് സംരക്ഷണയിൽ ടെസ്റ്റ് നടത്തണമെന്ന് മോട്ടോർ വാഹനവകുപ്പിൻറെ തീരുമാനവും പാളി. എല്ലാ പരീക്ഷാ കേന്ദ്രങ്ങൾക്ക് മുന്നിലും സമരക്കാർ പ്രതിഷേധം തീർത്തു. തിരുവനന്തപുരം മുട്ടത്തറയിൽ സ്വന്തം വാഹനവുമായി രണ്ട് പേർ ടെസ്റ്റിൽ പങ്കെടുക്കാനെത്തി. പ്രതിഷേധക്കാർ തടഞ്ഞുവെങ്കിലും പൊലീസ് ഇവരെ അകത്തേക്ക് കയറ്റി. പക്ഷെ ഇവർക്ക് നൽകിയിരുന്ന സ്ലോട്ട് റദ്ദായതിനാൽ ടെസ്റ്റിൽ പങ്കാനാകാതെ മടങ്ങി. പ്രതിദിന ലൈസൻസുകളുടെ എണ്ണം 40 ആക്കാൻ തീരുമാനം വന്നതോടെ നേരത്തെ സമയം അനുവദിച്ചിരുന്നവർക്കുള്ള സമയം വ്യാപകമായി റദ്ദാക്കിയിരുന്നു. മൊബൈൽ വഴിയുള്ള അറിയിപ്പ് ലഭിച്ചില്ലെന്നാണ് ടെസ്റ്റിൽ പങ്കെടുക്കാൻ വന്നവർ പറഞ്ഞത്.ആരെങ്കിലും സ്വന്തം വണ്ടിയുമായി ടെസ്റ്റിന് തയ്യാറായാൽ നടത്തുമെന്നായിരുന്നു ഉദ്യോഗസ്ഥരുടെ നിലപാട്. ടെസ്റ്റ് തടയുമെന്ന സമരക്കാരും അറിയിച്ചു.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.